**സബ്മിഷൻ**

(1) ഭൂമി തരംമാറ്റൽ

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഭൂമി തരം മാറ്റാനുള്ള അപേക്ഷയിൽ കാലതാമസം വന്നതുകൊണ്ട് മനംനൊന്ത് എന്റെ നിയോജകമണ്ഡലത്തിൽ സജീവൻ ആത്മഹത്യ ചെയ്തു.നികുതിദായകനായ മത്സ്യത്തൊഴിലാളി സർക്കാർ സേവനം യഥാസമയം ലഭ്യമാകാത്തതിനാൽ ആത്മഹത്യ ചെയ്യേണ്ടിവന്നത് നമ്മുടെ സംവിധാനത്തിന്റെ ഏറ്റവും മോശമായ അവസ്ഥയെയാണ് കാണിക്കുന്നത്. ഇനിയൊരു സജീവൻ കേരളത്തിലുണ്ടാകരുതെന്നതുകൊണ്ടാണ് ഞാൻ ഈ സബ്മിഷൻ ഇവിടെ ഉന്നയിക്കുന്നത്.

2018-ൽ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ചട്ടത്തിൽ ഭേദഗതി വരുത്തിയതിന്റെ ഭാഗമായി ബി. ടി. ആർ.- ൽ മാറ്റം വരുത്തുന്നതിനുവേണ്ടി 2008-നുമുമ്പ് നികത്തിയതും ഡാറ്റാ ബാങ്കിൽ ഉൾപ്പെടാത്തതുമായ ഭൂമി വീടുപണിയുന്നതിനോ വാണിജ്യാവശ്യത്തിനോ ഭൂമി തരംമാറ്റുന്നതിന് അനുമതി നൽകി. 25 സെന്റുവരെയുള്ള ഭൂമിക്ക് സൗജന്യമായും അതിനുമുകളിൽ 50 സെന്റ്വരെയുള്ള ഭൂമിയുടെ

ന്യായവിലയുടെ 10 ശതമാനവും 50 സെന്റിനു മുകളിൽ 20 ശതമാനവും ഫീസ് ഈടാക്കിയാണ് നിലവിൽ ഭൂമി തരംമാറ്റി നൽകുന്നത്. ഇതിന് ആർ.ഡി.ഒ.-യുടെ അനുമതി വേണം. സംസ്ഥാനത്ത് എല്ലാ ബാങ്കുകളിലും സഹകരണ ബാങ്കുകളിലും നിലം എന്ന് ബി.ടി.ആർ.-ൽ രേഖപ്പെടുത്തിയിട്ടുള്ള സ്ഥലം പ്ലഡ്ജ് ചെയ്യാൻ കഴിയാത്തതിനാൽ അപേക്ഷകൾ വർദ്ധിക്കുകയാണ്. ആളുകൾ പാർട്ടീഷൻ നടത്തി വീടുകൾവയ്ക്കാൻ പോകുമ്പോഴാണ് അൻപതോളം വർഷമായി നിലമായി കിടക്കുന്നുവെന്ന് കാണുന്നത്. വീട് വയ്ക്കാനും കെട്ടിടങ്ങൾ പണിയാനും ലോൺ എടുക്കാനും ചെല്ലുമ്പോഴാണ് ഈ ബുദ്ധിമുട്ടുകൾ അറിയുന്നത്. പതിനായിരക്കണക്കിന് അപേക്ഷകൾ കേരളത്തിലെ വിവിധ റവന്യൂ ഓഫീസുകളിൽ കെട്ടിക്കിടക്കുകയാണ്. ഇതിനൊരു തീരുമാനമെടുക്കാൻ കഴിയുന്നില്ല. ഇതൊരു ലോംഗ് പ്രൊസീജ്യർ ആണ്. ഈ നടപടിക്രമങ്ങളുടെ കാലതാമസം മുതലെടുത്ത് ചില ഉദ്യോഗസ്ഥൻമാരും ഏജന്റുമാരും വൻതോതിൽ അഴിമതി നടത്താനുള്ള അവസരമായി ഇതിനെ കാണുകയാണ്. ഭൂമി തരംമാറ്റുന്നതിനെ സംബന്ധിച്ച ഏജൻസികളുടെ പരസ്യങ്ങൾ കേരളത്തിൽ എല്ലായിടത്തും കാണാൻ സാധിക്കും. റവന്യൂ

ഓഫീസുകളിലെ ഇടനിലക്കാരാണ് തീരുമാനങ്ങൾ എടുക്കുന്നത്. ആർ.ടി. ഓഫീസിൽ ഏജൻസികൾ ഉള്ളതുപോലെ റവന്യൂ ഓഫീസിലുമുണ്ട്. സാധാരണക്കാരന്റെ കയ്യിൽനിന്നും ഫീസ് വാങ്ങാൻ ഇടനിലക്കാർ എന്തിനാണ്? അവർ നേരിട്ട് ഓൺലൈൻ ആപ്ലിക്കേഷൻ കൊടുത്ത് പ്രൊസീജ്വർ ഫോർമാലിറ്റിസ് കഴിഞ്ഞാൽ അയാൾക്ക് ഭൂമി തരംമാറ്റി കൊടുക്കാൻ സാധിക്കില്ലേ; അയാൾക്ക് സൗജന്യമായി ലഭിക്കേണ്ടത് സൗജന്യം കൊടുക്കാൻ സാധിക്കില്ലേ; രണ്ടുമൂന്നുകൊല്ലമായി ആയിരക്കണക്കിന് കേസുകൾ പെന്റിംഗിലാണ്. ഗവൺമെന്റ് ഗൗരവതരമായി ഈ വിഷയത്തെ കാണണം. ആത്മഹത്യചെയ്ത സജീവന്റെ വീട് സന്ദർശിച്ച് റവന്യൂ വകുപ്പുമന്ത്രിക്ക് ബോധ്യപ്പെട്ടതാണ്. ഭൂമി തരംമാറ്റുന്നതിനുള്ള അപേക്ഷകൾ കൈകാര്യം ചെയ്യുമ്പോൾ നെൽവയൽ തണ്ണീർത്തട സംരക്ഷണനിയമം അട്ടിമറിക്കാതിരിക്കാനുള്ള ജാഗ്രതപുലർത്തണമെന്നതിൽ യാതൊരു സംശയവുമില്ല. ഞങ്ങൾ അതിനോട് യോജിക്കുന്നു. അതേ അവസരത്തിൽ എല്ലാ നിയോജകമണ്ഡലത്തിലുമായി ആയിരക്കണക്കിന് അപേക്ഷകളാണുള്ളത്. ഭൂമി തരംമാറ്റുന്നതുമായി സംബന്ധിച്ച് നിലവിൽ ലഭിച്ചിട്ടുള്ള മുഴുവൻ

അപേക്ഷകളിലും മൂന്ന് മാസക്കാലയളവിനുള്ളിൽ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് അർഹതപ്പെട്ടവർക്ക് ഭൂമി തരംമാറ്റി നൽകാനുള്ള ഒരു കർമ്മ പദ്ധതി സർക്കാർ ആവിഷ്കരിക്കണം. ഒരു മിഷൻ മോഡിൽ നിലവിലുള്ള എല്ലാ പെന്റിംഗ് ആപ്ലിക്കേഷനുകളും ഡിസ്പോസ് ചെയ്യാനുള്ള തീരുമാനമെടുക്കണം. ഓൺലൈൻ സംവിധാനത്തിലൂടെ പുതിയതായി ലഭിക്കുന്ന അപേക്ഷകൾ രണ്ട് മാസത്തിനകം നടപടികൾ പൂർത്തീകരിച്ച് തരംമാറ്റികൊടുക്കണം. ഈ നിയമം വരുന്നതിനുമുമ്പോ അതിനുശേഷമോ ബിൽഡിംഗ് പെർമിറ്റ് അനുവദിച്ച് വീടുകൾ നിർമ്മിച്ചിട്ടുണ്ടെങ്കിൽ അത്തരം ഭൂമികളുടെ തരംമാറ്റത്തിന് വില്ലേജ് ഓഫീസർ തലത്തിലുള്ള സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ഓൺലൈനായി ഫീസടച്ച് നടപടികൾ പൂർത്തികരിക്കാനുള്ള നടപടിയുണ്ടാകണം. ഫീൽഡ് തല പരിശോധനകൾ നടത്തുന്നതിനും സർവ്വേ നടപടികൾ പൂർത്തീകരിക്കുന്നതിനും ആവശ്യമായ സ്റ്റാഫില്ലെങ്കിൽ സ്റ്റാഫിനെ വിന്യസിക്കാൻ സർക്കാർ തയ്യാറാകണം. നടപടിക്രമങ്ങളുടെ സമയബന്ധിതമായ പൂർത്തീകരണത്തിനായി ബന്ധപ്പെട്ട വകുപ്പുകളുടെ ഏകോപനം സാധ്യമാക്കണം. സർക്കാർ ഓഫീസുകൾ  കൃത്യമായി ഇത്

ചെയ്യുന്നുണ്ടോയെന്ന് പരിശോധിക്കാനുള്ള സംവിധാനമുണ്ടാക്കണം. ലോണുകൾ അനുവദിക്കാനായി ഭൂമി തരംമാറ്റം ചെയ്യേണ്ടത് അനിവാര്യമാണെന്നുള്ള നിലപാടിൽ മാറ്റംവരുത്തുന്നത് സംബന്ധിച്ച് സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റിയിൽ ചർച്ചകൾ ആവശ്യമാണ്. ഇതൊക്കെ ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രി സഹകരണ ബാങ്കുകൾക്ക് നിർദ്ദേശം നൽകണം. നാൽപതോളം വർഷമായി കിടക്കുന്ന നിലം ഇന്ന് രജിസ്റ്റർ ചെയ്യാൻ പറ്റില്ലെന്നുള്ള നിലയിലേയ്ക്ക് സഹകരണ ബാങ്കുകൾ പോകുന്നത് ശരിയല്ല. 2018-ലെ ഭേദഗതി വന്നശേഷമാണ് ഇത്തരം പ്രശ്നങ്ങൾ, അതിനുമുമ്പ് ഒരു കുഴപ്പവുമില്ല. മുമ്പ് ഇതൊന്നും ബാങ്കുകൾ നോക്കിയിരുന്നില്ല. കേരളത്തിൽ ധാരാളം സാധാരണക്കാരുള്ളതിനാൽ ബാങ്കേഴ്സ് കമ്മിറ്റിയിൽ ഇത് ഗൗരവമായി കാണണം. കേരളത്തിൽ ലൈഫ് മിഷൻ പദ്ധതിയിൽ വീട് അനുവദിച്ചിട്ടും സ്ഥലം മാറ്റി കൊടുക്കാൻ വൈകിപ്പോയതിനാൽ വീട് കിട്ടാതെപോയ എത്രയോപേരുണ്ട്; ഗവൺമെന്റ് നടപ്പാക്കുന്ന പദ്ധതികൾപോലും സാധാരണക്കാർക്ക് കിട്ടാത്ത അവസ്ഥയുണ്ടാകരുത്. അതിനാൽ വളരെ മുൻഗണനകൊടുത്ത് ഗവൺമെന്റ് ഇക്കാര്യം പരിശോധിച്ച് വേണ്ടത് ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, നിയമസഭയാകെ വളരെ ആകാംക്ഷയോടെ കാത്തിരിക്കുകയും അതിലിടപെടണമെന്ന് പൊതുവായ അഭിപ്രായമുണ്ടാവുകയും ചെയ്യുന്ന പ്രശ്നമാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെ ഉന്നയിച്ചത്. അദ്ദേഹം സൂചിപ്പിച്ചതുപോലെ ഇക്കാര്യത്തിൽ വളരെ ശ്രദ്ധയോടെ ഒരു സ്റ്റാന്റേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജ്വർ തയ്യാറാക്കി പോകണമെന്നാണ് കേരളത്തിലെ ഗവൺമെന്റ് ആഗ്രഹിക്കുന്നത്. അങ്ങിവിടെ സൂചിപ്പിച്ചതുപോലെ, മത്സ്യത്തൊഴിലാളിയായ സജീവന്റെ മരണമുണ്ടായത് അങ്ങയുടെ മണ്ഡലത്തിലാണ്. അങ്ങ് അവിടം സന്ദർശിക്കുകയും ആ സമയത്ത് എന്നെ വിളിക്കുകയും ചെയ്തിരുന്നു. ഒരു മണിക്കൂറിനുള്ളിൽ അതുമായി ബന്ധപ്പെട്ട് കൃത്യതയോടെയുള്ള അന്വേഷണം നടത്താൻ സംസ്ഥാനതലത്തിൽ സംവിധാനമുണ്ടാക്കുകയും പറഞ്ഞ സമയത്തുതന്നെ പ്രാഥമികാന്വേഷണം നടത്തി കുറ്റക്കാരാണെന്ന് തോന്നിയവർക്കെതിരെ നടപടിയെടുക്കുകയും ചെയ്തിട്ടുള്ളതാണെന്ന് അങ്ങേയ്ക്ക് അറിയാമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

അങ്ങിവിടെ പറഞ്ഞതുപോലെ കേരളത്തിലെ നെൽവയലുകളെ

സംരക്ഷിക്കുന്നതിനുവേണ്ടി 2008-ൽ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം നിലവിൽ വരികയുണ്ടായി. നിയമം നിലവിൽവന്ന തീയതി മുതൽ, പൊതുആവശ്യത്തിനും ഭൂരഹിതർക്ക് മാത്രമായി വീടുവയ്ക്കുന്നതിനുമായി പത്ത് സെന്റ് ഒഴികെയുള്ള നെൽവയലുകൾ നികത്തരുതെന്നുള്ള കർശന വ്യവസ്ഥകളാണ് ഈ നിയമത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. 2008-നുമുമ്പ് സ്വാഭാവികമായി നികന്നതോ നികത്തപ്പെട്ടതോ ആയ നെൽവയലുകൾക്ക് റവന്യൂ രേഖകളിൽ നിലമെന്ന് രേഖപ്പെടുത്തിയതുമൂലം ഇത്തരത്തിൽ നികത്തപ്പെട്ട നിലങ്ങൾ പുരയിടം എന്നനിലയിൽ പ്രയോജനപ്പെടുത്തുന്നതിന് കഴിയാതെ വന്നിരുന്നു. ഈ സാഹചര്യത്തിലാണ് 2017 ഡിസംബർ 30-ാം തീയതി '27 എ' എന്ന ഉപവകുപ്പ് കൂട്ടിച്ചേർത്തത്. ഇതുപ്രകാരം നെൽവയലുകളുടെ ഡാറ്റാ ബാങ്കിലുൾപ്പെടാത്തതും എന്നാൽ റവന്യൂ റിക്കാർഡുകളിൽ നിലമെന്ന് രേഖപ്പെടുത്തിയതുമായ ഭൂമി വില്ലേജ് റിക്കാർഡുകളിൽ പുരയിടമെന്ന് തരംമാറ്റുന്നതിനുള്ള അനുവാദം ലഭിച്ചു. പ്രതിപക്ഷനേതാവ് നേരത്തെ പറഞ്ഞതുപോലെ, ബ്ലാങ്കറ്റായി അനുവാദം കൊടുക്കാനാകില്ല. ഈ നിയമം വന്നതിനുമുമ്പുള്ള സ്ഥലങ്ങൾ കൃത്യതയോടെ പരിശോധിച്ച്

അതിനാവശ്യമായ നടപടിക്രമങ്ങൾ നടത്തിയതിനുശേഷം മാത്രമേ അനുവാദം കൊടുക്കാൻ കഴിയുകയുള്ളൂ. അല്ലെങ്കിൽ അനാവശ്യമായി നെൽവയലുകൾ നികത്തുന്ന സ്ഥിതിയുണ്ടാകും. നൂറ് വർഷംമുമ്പ് കേരളത്തിലെ ഭൂമിയുടെ സെറ്റിൽമെന്റ് നടന്നപ്പോൾ മുപ്പത് ലക്ഷം ഏക്കർ നെൽവയലുകളുണ്ടായിരുന്ന സ്ഥാനത്ത് ഇപ്പോൾ അഞ്ച് ലക്ഷം ഏക്കർ നെൽവയലുകൾ മാത്രമാണ് ആകെ നിലനിൽക്കുന്നത്. ഏതാണ്ട് 25 ലക്ഷം ഏക്കർ നെൽവയലുകൾ അപ്രത്യക്ഷമാകുന്ന സ്ഥിതിയുണ്ടായി. അത് ഇനിയും അനുവദിക്കാൻ കഴിയില്ല. 2008-ലെ നിയമം വന്നതും 2018-ലെ ഭേദഗതി വന്നതും വയലുകൾ നികത്താനാണെന്നാണ് പലരും വിചാരിക്കുന്നത്. അങ്ങനെയല്ല. 2008-നുശേഷം ഒരിഞ്ച് ഭൂമിപോലും നികത്താൻ പാടില്ലെന്നുള്ളതാണ് ഈ നിയമത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ശ്രദ്ധാകേന്ദ്രം. 2018-ലെ ഭേദഗതിക്കുശേഷം 25-02-2021-ലെ ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ 25 സെന്റ് വരെയുള്ള നെൽവയൽ സൗജന്യമായി തരംമാറ്റാമെന്ന് നിശ്ചയിച്ചു. 2021 ഏപ്രിൽ 21-ാം തീയതിയാണ് അത് എസ്.ആർ.ഒ. ആയി ഇറങ്ങിയിട്ടുള്ളത്. പ്രസ്തുത എസ്.ആർ.ഒ. വന്നതിനുശേഷം അപേക്ഷകളുടെ എണ്ണം വളരെയധികം

വർദ്ധിക്കുന്ന സ്ഥിതിവിശേഷം പൊതുവിലുണ്ടായി. അതിന്റെ കണക്ക് എന്റെ കൈവശമുണ്ട്. ഞാനതിനെക്കുറിച്ച് വിശദീകരിക്കുന്നില്ല. 2018-ലെ നിമയഭേദഗതി നിലവിൽവന്ന 30-12-2017 മുതൽ 2021 മാർച്ച് 31 വരെയുള്ള ദീർഘമായ നാല് വർഷക്കാലയളവിൽ തരംമാറ്റവുമായി ബന്ധപ്പെട്ട് 96674 അപേക്ഷകളാണ് റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ ആകെ ലഭ്യമായിരുന്നത്. എന്നാൽ 2021 ഏപ്രിൽ 1-ാം തീയതി മുതൽ, എസ്.ആർ.ഒ. നിലവിൽ വന്നതിനുശേഷം, 9 മാസക്കാലയളവിൽ ഒരു ലക്ഷത്തിലേറെ അപേക്ഷകൾ വരുന്ന സ്ഥിതിയുണ്ടായി. നാല് വർഷംകൊണ്ട് ആകെ 35303 അപേക്ഷകളാണ് തീർപ്പാക്കാൻ കഴിഞ്ഞതെങ്കിൽ പ്രത്യേക ചില പരീക്ഷണങ്ങൾ നടത്തി 2021 ഏപ്രിൽ മുതൽ 9 മാസക്കാലയളവിനുള്ളിൽ 40754 അപേക്ഷകൾ തീർപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്. 25 സെന്റുവരെയുള്ള നെൽവയൽ പുരയിടമാക്കി തരംമാറ്റാമെന്ന ആശയം വന്നതോടെ ആളുകൾ വ്യാപകമായി അപേക്ഷ കൊടുക്കാൻ തുടങ്ങി. ഈ ഗവൺമെന്റ് വന്നതിനുശേഷം, വില്ലേജാഫീസുകളിൽ ക്യൂ നിൽക്കാതെ ഓൺലൈനായി ഭൂ നികുതി അടയ്ക്കാൻ സാദ്ധ്യമാകുമെന്ന് ആളുകൾ മനസ്സിലാക്കിയതോടെ കരം

അടയ്ക്കുന്നത് വർദ്ധിക്കുന്ന സ്ഥിതിയുണ്ടായി. അങ്ങനെ അടച്ചപ്പോൾ അവരവരുടെ ഭൂമി പുരയിടം എന്നുള്ളത് നിലമായിട്ടാണ് രേഖപ്പെടുത്തിയിട്ടുള്ളതെന്ന് രസീതിലൂടെ ആളുകൾക്ക് മനസ്സിലായി. ഈ രണ്ട് പ്രശ്നങ്ങളിലൂടെ തരംമാറ്റത്തിനുവേണ്ടിയുള്ള ധാരാളം അപേക്ഷകൾ കേരളത്തിലെ ആർ.ഡി.ഓഫീസുകളിൽ വന്നുവെന്നുള്ളത് യാഥാർത്ഥ്യമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദ്ദേശപ്രകാരം കഴിഞ്ഞ ക്യാബിനറ്റിൽ ഒരു പ്രത്യേക സ്റ്റാന്റേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജ്വർ തയ്യാറാക്കാനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചു. വളരെ സന്തോഷപൂർവ്വം പറയട്ടെ, നിയമസഭ നടക്കുന്ന ഈ ഘട്ടത്തിൽ മറ്റൊരിടത്തും പറയാതെ ഇന്ന് ഈ സഭയുടെ മുമ്പിൽ അവതരിപ്പിച്ചുകൊണ്ട് ഇന്നുമുതൽ ഒരു പുതിയ ഉത്തരവ് പുറത്തിറക്കാൻ കേരളത്തിലെ ഗവൺമെന്റ് ആഗ്രഹിക്കുകയാണ്. 2021 ജനുവരി 31 വരെ കേരളത്തിൽ ലഭ്യമായ ഒരുലക്ഷത്തി പന്ത്രണ്ടായിരത്തിലേറെ അപേക്ഷകൾ ആറ് മാസക്കാലത്തിനുള്ളിൽ മിഷൻ മോഡിൽ പൂർണ്ണമായും പൂർത്തീകരിക്കാനുള്ള നടപടി കേരളത്തിലെ ഗവൺമെന്റ് ആരംഭിക്കാൻ പോകുകയാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞതുപോലെ, ലൈഫ് പദ്ധതി ഉൾപ്പെടെയുള്ള

കാര്യങ്ങളിൽ കൊടുക്കുന്നതു പോലെ മുൻഗണനാക്രമത്തിൽ എടുക്കാൻ കഴിയും. അത് ഏറ്റവും ചുരുങ്ങിയത് മൂന്ന് മാസക്കാലംകൊണ്ടെങ്കിലും പൂർത്തീകരിക്കാൻ കഴിയും. അങ്ങനെ പൂർത്തീകരിക്കണമെങ്കിൽ നമ്മുടെ മുമ്പിലുള്ള പ്രശ്നം ഈ സഭ അറിയേണ്ടതുണ്ട്. കൊല്ലം, ചെങ്ങന്നൂർ, ആലപ്പുഴ, മൂവാറ്റുപുഴ, ഫോർട്ട് കൊച്ചി, തൃശ്ശൂർ, തിരൂർ, കോഴിക്കോട്, തളിപ്പറമ്പ് എന്നീ 9 ആർ.ഡി. ഓഫീസുകളിൽ അയ്യായിരത്തിനുമുകളിൽ അപേക്ഷകൾ കെട്ടിക്കിടക്കുകയാണ്. അയ്യാരത്തിന് മുകളിൽ അപേക്ഷകൾ കെട്ടിക്കിടക്കുന്ന ആർ.ഡി.ഓഫീസുകളിൽ ഒരു ജൂനിയർ സൂപ്രണ്ടിനെയും നാല് ക്ലാർക്കുമാരെയും ഒരു ഡാറ്റാ എൻട്രി ഓപ്പറേറ്ററെയും അധികമായി നിശ്ചയിക്കാൻ ഇന്ന് ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിക്കാൻ പോകുകയാണ്. രണ്ടാംഘട്ടമായി രണ്ടായിരത്തിനും അയ്യായിരത്തിനുമിടയിൽ ആളുകൾ അപേക്ഷ നൽകിയിട്ടുള്ള തിരുവനന്തപുരം, പുനലൂർ, കോട്ടയം, പാല, പാലക്കാട്, ഒറ്റപ്പാലം, പെരിന്തൽമണ്ണ, വടകര, കാഞ്ഞങ്ങാട് എന്നിവിടങ്ങളിൽ ഒരു ജൂനിയർ സൂപ്രണ്ടിനെയും രണ്ട് ക്ലാർക്കുമാരെയും ഒരു ഡാറ്റാ എൻട്രി ഓപ്പറേറ്ററെയും ആറ് മാസക്കാലത്തേയ്ക്ക് പ്രത്യേകമായി ഇന്നുമുതൽ നിയമിക്കും.

ആയിരത്തിനും രണ്ടായിരത്തിനുമിടയിൽ അപേക്ഷ ലഭിച്ചിട്ടുള്ള തിരുവല്ല, അടൂർ, ഇരിങ്ങാലക്കുട, മാനന്തവാടി, നെടുമങ്ങാട് എന്നീ അഞ്ച് ആർ.ഡി.ഓഫീസുകളിൽ രണ്ട് ക്ലാർക്കുമാരെയും ഒരു ഡാറ്റാ എൻട്രി ഓപ്പറേറ്ററെയും അധികമായി നിശ്ചയിക്കാൻ കഴിയുന്നുണ്ട്. ആയിരത്തിൽത്താഴെ അപേക്ഷകളുള്ള കാസർഗോഡ്, തലശ്ശേരി, ഇടുക്കി, ദേവികുളം എന്നിവിടങ്ങളിൽ നിലവിലുള്ള സ്റ്റാഫിനുപുറമെ അതത് ജില്ലകളിൽനിന്ന് അധികമായി സ്റ്റാഫുകളെ പ്രൊവൈഡ് ചെയ്യാനുള്ള നടപടികളാരംഭിക്കും. '27 എ' അനുസരിച്ച് അംഗീകരിച്ചാലും '27 സി' അനുസരിച്ച് ഭൂരേഖയിൽ മാറ്റം വരുത്തണം. അങ്ങനെവരുമ്പോൾ താലൂക്കാഫീസുകളിൽ ആളുകളെ നിയമിക്കേണ്ടിവരും. 51 താലൂക്കുകളിൽ ഒരു ക്ലാർക്ക്, മൂന്ന് സർവ്വേയർ എന്നിങ്ങനെ ജീവനക്കാരെ നിയമിക്കാനുള്ള തീരുമാനവും ഇതിന്റെ ഭാഗമായെടുക്കും. നൂറിനുമുകളിൽ അപേക്ഷകൾ വരുന്ന വില്ലേജാഫീസുകളുണ്ടെന്ന് നമ്മൾ മനസ്സിലാക്കേണ്ടതുണ്ട്. ഇപ്പോൾ വില്ലേജാഫീസുകൾ ധാരാളം ജോലികൾ ചെയ്തുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ രണ്ട് മാസക്കാലമായി, കോവിഡുമൂലം മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് 50000 രൂപ എക്സ്ഗ്രേഷ്യാ കൊടുക്കാൻ, ലഭ്യമായ

അപേക്ഷകളിൽ തീരുമാനമെടുക്കണമെന്ന് മാത്രമല്ല, സുപ്രീംകോടതി പറഞ്ഞതനുസരിച്ച് അപേക്ഷ നൽകാത്തവരുടെ വീട്ടിൽപ്പോയി അപേക്ഷകൾ വാങ്ങേണ്ട ചുമതലകൂടി വില്ലേജാഫീസുകളെ ഏല്പിച്ചു. അവരെങ്ങനെ പോകും? നൂറ് മുതൽ 500 വരെയുള്ള അപേക്ഷകൾ വില്ലേജാഫീസുകളിൽ കെട്ടിക്കിടക്കുകയാണ്. ഭൂമി തരംമാറ്റവുമായി ബന്ധപ്പെട്ട് നൂറിനുമുകളിൽ അപേക്ഷകൾ നിലനിൽക്കുന്ന എല്ലാ വില്ലേജുകളിലും, 681 വില്ലേജുകൾ അങ്ങനെയാണ്, ഒരു ക്ലാർക്കിനെ അധികമായി നിയമിക്കും. അതിനുപുറമെ വില്ലേജാഫീസുകളിൽനിന്നും പോയി അന്വേഷിക്കാനുള്ള സൗകര്യവും ഇപ്പോൾ നിലനിൽക്കുന്നില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വാഹനമുണ്ട്. വില്ലേജാഫീസുകൾക്ക് വാഹനമില്ല. ആറ് മാസക്കാലത്തേയ്ക്ക് രണ്ട് വില്ലേജുകൾക്ക് ഒരു വാഹനം എന്നനിലയിൽ നൂറിൽക്കൂടുതൽ അപേക്ഷകളുള്ള 681 വില്ലേജുകൾക്ക് വാഹനം അനുവദിക്കാൻ ഇന്ന് ഗവൺമെന്റ് തീരുമാനിക്കുകയാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞതുപോലെ, കമ്പ്യൂട്ടർ, സ്കാനർ, പ്രിന്റർ എന്നിവയുടെ കുറവ് വരുന്നുവെന്ന പ്രശ്നം തീർക്കാനായി ആറ് മാസക്കാലത്തേയ്ക്ക് 5,99,93,000 (അഞ്ച് കോടി തൊണ്ണൂറ്റിയൊൻപത്

ലക്ഷത്തി തൊണ്ണൂറ്റിമൂവായിരം) രൂപയുടെ ഇൻഫ്രാസ്ട്രക്ചർ ഫെസിലിറ്റി തയ്യാറാക്കി നൽകാൻ ഗവൺമെന്റ് തീരുമാനിക്കുകയാണ്. ഇതനുസരിച്ച് ആറ് മാസക്കാലത്തേയ്ക്ക് 31,61,00,540 (മുപ്പത്തിയൊന്ന് കോടി അറുപത്തിയൊന്ന് ലക്ഷത്തി അഞ്ഞൂറ്റി നാല്പത്) രൂപയുടെ ഒരു പ്രത്യേക പാക്കേജ് ഈ ഗവൺമെന്റിനുവേണ്ടി കേരള നിയമസഭയിൽ ഇന്ന് പ്രഖ്യാപിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇതിനൊരു സ്റ്റാന്റേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജ്യർ വേണ്ടിവരും. ആർ.ഡി. ഓഫീസുകളിൽ വരുന്ന എല്ലാ അപേക്ഷകളും എക്സൽ ഷീറ്റിലേയ്ക്ക് മാറ്റും. അത് ഓരോ വില്ലേജുകളിലേയ്ക്കും ബൾക്കായി നൽകാൻ കഴിയും. അവിടെ തീർപ്പാക്കുന്നതനുസരിച്ച് വില്ലേജുകൾ, താലൂക്കുകൾ കേന്ദ്രീകരിച്ച് അദാലത്തുകൾ നടത്തി ആറ് മാസക്കാലംകൊണ്ട് ഈ പ്രശ്നം പരിഹരിക്കാൻ കഴിയുന്നവിധത്തിലുള്ള പ്രത്യേക സംവിധാനമാണ് ഗവൺമെന്റ് ആലോചിക്കുന്നത്. ഫെബ്രുവരി 1 മുതൽ എല്ലാ അപേക്ഷകളും ഓൺലൈനാക്കി. ഒരു അപേക്ഷ ലഭിച്ചാൽ രണ്ട് മാസത്തിനുള്ളിൽ തീർപ്പാക്കാൻ കഴിയുന്നവിധത്തിൽ ഓൺലൈൻ അപേക്ഷകളിൽ പ്രത്യേക ജാഗ്രത പുലർത്തണമെന്ന് ആലോചിച്ചിട്ടുണ്ട്. ഇതനുസരിച്ച് കർശനമായ

നടപടികളുമായി ഗവൺമെന്റ് മുന്നോട്ടുപോകുകയാണ്. ഒരു കാരണവശാലും ഇതുമായി ബന്ധപ്പെട്ട് പരസ്യംവച്ച് ഏജൻസികളായി മുന്നോട്ടുപോകുന്ന ഒരു സംവിധാനത്തെയും അനുവദിക്കാത്തവിധത്തിൽ കർശനനടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകും. അനഭിലഷണീയമായ ഒരു നടപടിയും ആർ.ഡി. ഓഫീസുകളിലും റവന്യൂ ഓഫീസുകളിലും അനുവദിക്കാത്ത വിധത്തിൽ ശ്രദ്ധേയമായൊരു പദ്ധതി നടപ്പാക്കുകയാണ്. അങ്ങ് പാർലമെന്റിൽ പറഞ്ഞതുപോലെ, സഭ നടക്കുന്ന സമയത്ത് മറ്റൊരിടത്തും പറയാതെ സഭ മുമ്പാകെ ഈ ഉത്തരവ് ഇന്നുമുതൽ, ഈ നിമിഷം മുതൽ നടപ്പിലാക്കുന്നതാണെന്ന കാര്യം അവതരിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി വളരെ പ്രധാനപ്പെട്ട ഒരു സർക്കാർ തീരുമാനം പ്രഖ്യാപിക്കുന്നതായതുകൊണ്ടാണ് അസാധാരണമായ നിലയിൽ കൂടുതൽ സമയം അനുവദിച്ചത്. മാത്രമല്ല, വളരെ പ്രധാനപ്പെട്ട ഈ പ്രഖ്യാപനം സഭാതലത്തിൽ നടത്തിയത് മാതൃകാപരവും അഭിനന്ദനാർഹവുമാണ്. സബ്മിഷന്റെ മറുപടിക്ക് മറ്റ്

മന്ത്രിമാർ ഇത്രയും സമയം പ്രതീക്ഷിക്കരുത്, സംക്ഷിപ്തമായി അവതരിപ്പിക്കണം. പ്രതിപക്ഷനേതാവ് ഉന്നയിച്ച ഒരു പ്രശ്നത്തിന് ബഹുമാനപ്പെട്ട മന്ത്രി ഒരു സർക്കാർ തീരുമാനം പ്രഖ്യാപിച്ചുകൊണ്ടാണ് സമയം നൽകിയത്.

(2) അനന്തപുരി എഫ്.എം. പരിപാടി

ശ്രീ. വി. കെ. പ്രശാന്ത്: ബഹുമാനപ്പെട്ട സ്പീക്കർ, കേരളത്തോടുള്ള കേന്ദ്ര അവഗണന തുടർന്നുകൊണ്ടിരിക്കുകയാണെന്നതിന്റെ ഏറ്റവും അവസാനത്തെ ഉദാഹരണമാണ് തിരുവനന്തപുരത്തിന്റെ നാമധേയത്തിൽ പ്രവർത്തിച്ചിരുന്ന അനന്തപുരി എഫ്.എം. ചാനൽ 2022 ജനവരി മാസം മുതൽ നിർത്തലാക്കിയത്. 2005 കേരളപ്പിറവി ദിനത്തിലാണ് അനന്തപുരി എഫ്.എം. ഇവിടെ പ്രവർത്തനമാരംഭിച്ചത്. തിരുവനന്തപുരം ആകാശവാണി നിലയമാണ് ആ ചാനൽ പ്രക്ഷേപണം ചെയ്തുകൊണ്ടിരുന്നത്. കൊല്ലം, പത്തനംതിട്ട, തിരുവനന്തപുരം ജില്ലകളിലായി 45 ലക്ഷം ശ്രോതാക്കളുള്ള ഒരു പ്രധാനപ്പെട്ട ചാനലാണ് അനന്തപുരി എഫ്.എം. ചാനൽ. നമ്മുടെ രാജ്യത്തിന്റെ ബഹുസ്വരതയും വൈജാത്യങ്ങളും ഫെഡറലിസവും എല്ലാം അട്ടിമറിച്ചുകൊണ്ടുള്ള തീരുമാനങ്ങളാണ് ഓരോ ദിവസവും കേന്ദ്ര

ഗവൺമെന്റിൽനിന്നും വന്നുകൊണ്ടിരിക്കുന്നത്. അതിന്റെ ഭാഗമായാണ് സംസ്ഥാനത്ത് ഏറ്റവും നല്ല രീതിയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സാമ്പത്തിക മെച്ചമുള്ള ഒരു എഫ്.എം. ചാനൽ നിർത്താനുള്ള തീരുമാനമുണ്ടായിരിക്കുന്നത്. സ്വകാര്യ എഫ്.എം. ചാനലുകൾക്കിടയിൽ ഏറ്റവും കൃത്യമായി മലയാളത്തനിമ ചോരാതെ ഭാഷാശുദ്ധി നിലനിർത്തിക്കൊണ്ട് പ്രവർത്തിക്കുന്ന ഒരു സ്ഥാപനമാണ് അനന്തപുരി എഫ്.എം.. കേരളത്തിന്റെ വൈജാത്യങ്ങളെല്ലാം കൃത്യമായി എടുത്തുകൊണ്ട് ഓരോ മണിക്കൂറിടവിട്ട് പ്രധാനവാർത്തകൾ, ട്രെയിൻ ടൈം, ട്രാഫിക് മാറ്റങ്ങൾ, കാലാവസ്ഥാ പ്രശ്നങ്ങൾ എന്നിവ ജനങ്ങളുടെ ശ്രദ്ധയിൽപ്പെടുന്ന രീതിയിൽ നിരവധിയായിട്ടുള്ള പ്രവർത്തനങ്ങൾ നടത്തി സ്തുത്യർഹമായി പ്രവർത്തിച്ചുകൊണ്ടിരുന്ന ഒരു ചാനലിനെയാണ് നിർത്തുന്ന തീരുമാനം വന്നിരിക്കുന്നത്. എതിർപ്പുയർന്നപ്പോൾ അനന്തപുരി-വിവിധ്ഭാരതി എഫ്.എം. എന്ന് പേരുമാറ്റുകയും ആകാശവാണിയുടെ മുംബൈ നിലയത്തിൽ നിന്നുള്ള പരിപാടികൾ ഈ ചാനലിന്റെ ഭാഗമായി പ്രക്ഷേപണം ചെയ്യുകയുമാണുണ്ടായത്. ഹിന്ദി പരിപാടികൾ കുത്തിനിറച്ച് നടത്തിക്കൊണ്ടിരിക്കുകയാണ്. തമിഴ്നാട്ടിലോ മറ്റോ ആണെങ്കിൽ അങ്ങനെ

ചെയ്യാൻ തയ്യാറാകുമോ? മലയാളത്തോടുള്ള അവഗണന എന്നു മാത്രമല്ല; റേഡിയോ കേൾക്കുന്ന മുഴുവനാളുകളെയും ആക്ഷേപിക്കുന്ന നിലയിലേയ്ക്ക് ആകാശവാണിയും കേന്ദ്രവാർത്താവിതരണ മന്ത്രാലയവും പെരുമാറുകയാണ്. കഴിഞ്ഞ ദിവസമാണ് നമ്മൾ മാതൃഭാഷാ ദിനം ആചരിച്ചത്. മാതൃഭാഷാ ദിനം ആചരിക്കുന്ന സന്ദർഭത്തിൽ തീർച്ചയായും ഇത്തരം അവഗണനയ്ക്കെതിരായുള്ള വലിയ പ്രതിഷേധം കൂടി നടത്തണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്. കേന്ദ്ര വാർത്താവിതരണ മന്ത്രാലയവും കേന്ദ്ര സർക്കാരും ഇക്കാര്യത്തിൽനിന്നും പിന്മാറണമെന്നും അനന്തപുരി എഫ്.എം. അതേ പേരിൽ മലയാളം പരിപാടികളുൾപ്പെടുത്തിക്കൊണ്ട് പ്രക്ഷേപണം ചെയ്യുന്നതിനുള്ള നിലപാടെടുക്കുന്നതിന് കേരള ഗവൺമെന്റ് ഇടപെടണമെന്നും ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രിക്കുവേണ്ടി തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, 'ബഹുജന ഹിതായ, ബഹുജന സുഖായ' ഇതാണ് ആകാശവാണി അംഗീകരിച്ചിട്ടുള്ള ആപ്തവാക്യം. പൊതുജനങ്ങൾക്ക് ഹിതമാകുന്നതെന്തോ അതേ പ്രക്ഷേപണം

ചെയ്യൂ; ബഹുജനങ്ങൾക്ക് സുഖമാകുന്നതെന്തോ അതേ പ്രക്ഷേപണം ചെയ്യൂ; ഇതാണ് പ്രഖ്യാപിത നിലപാട്. എന്നാൽ അടിസ്ഥാനപരമായും ഈ നിലപാടിന്റെ ലംഘനമാകുന്ന നിരവധി നടപടികൾ നിർഭാഗ്യവശാൽ അടുത്തകാലത്തുണ്ടാവുകയാണ്. ഭാഷാപരവും സാംസ്കാരികവുമായി കേരളീയർക്കും മലയാളിക്കും പ്രിയപ്പെട്ടതെന്തോ അതൊക്കെ ഇല്ലായ്മ ചെയ്യപ്പെടുകയോ പിൻവലിക്കപ്പെടുകയോ ആണ്. ആ പ്രക്രിയയുടെ ഭാഗമായി വേണം ഈ സബ്മിഷനാധാരമായിട്ടുള്ള വസ്തുതകളെ കണക്കാക്കേണ്ടത്. അനന്തപുരി എഫ്.എം. നിലയം നിർത്തലാക്കുക; അതിലുണ്ടായിരുന്ന പരിപാടികളുടെ ഉള്ളടക്കവും രൂപവും പേരും മാറ്റുക; അതിനെ വിവിധ് ഭാരതി മലയാളം എന്നതുകൊണ്ട് പകരം വയ്ക്കുക; മലയാള പരിപാടികൾ കുറയ്ക്കുക; ഹിന്ദി പരിപാടികൾ കൂട്ടുക; ഈ വഴിക്ക് കേന്ദ്ര സർക്കാരിന്റെ വാർത്താപ്രക്ഷേപണ മന്ത്രാലയവും പ്രസാർ ഭാരതിയും നീങ്ങിയപ്പോൾ സാംസ്കാരിക രംഗത്ത് വലിയ പ്രതിഷേധമുണ്ടായിട്ടുണ്ട്. അപ്പോൾ കണ്ണിൽപ്പൊടിയിടാനുള്ള ചെറിയ മാറ്റംവരുത്തി പരിപാടിയുടെ പേര് അനന്തപുരി വിവിധ്ഭാരത് മലയാളമെന്നാക്കി. പരിപാടിയുടെ സ്വഭാവത്തിലും രൂപത്തിലുമുള്ള മാറ്റം കേരളീയരുടെ താല്പര്യങ്ങൾക്ക്

വിരുദ്ധമായ സ്ഥിതിയിൽത്തന്നെ നിലനിൽക്കുന്നു. ഇത് നമ്മുടെ സംസ്കാരത്തിന്റെ ബഹുസ്വരതയ്ക്കെതിരാണ്. വൈവിധ്യമാർന്ന നമ്മുടെ ഭാഷ-കല-സാംസ്കാരിക രൂപങ്ങളെയാകെ ഇല്ലായ്മ ചെയ്ത് അവിടെ ഏകശിലാ രൂപത്തിലുള്ള ഒരു സമ്പ്രദായം സ്ഥാപിക്കുകയാണ് ചെയ്യുന്നത്. പൊതുജനഹിതത്തിന് ഒരു വിലയുമില്ല എന്ന നിലയിലേയ്ക്കെത്തുകയാണ്. ഇത് കേരളത്തിന് അംഗീകരിക്കാവുന്ന ഒരു സമീപനമല്ല. തദ്ദേശഭാഷയേയും തദ്ദേശസംസ്കാരത്തേയും പരിപോഷിപ്പിച്ച് ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ് അനന്തപുരി എഫ്.എം. ആരംഭിച്ചത്. 2005-ലെ കേരളപ്പിറവി ദിനത്തിലാണ് പ്രക്ഷേപണം ആരംഭിച്ചത് എന്നതിൽ നിന്നുതന്നെ ഇത് വ്യക്തമാണ്. ഭാഷാടിസ്ഥാനത്തിൽ സംസ്ഥാന പുനർനിർണ്ണയം നടന്നതിന്റെ വാർഷികത്തിലായിരുന്നു ഈ പരിപാടി ഉത്ഘാടനം ചെയ്തത്. ഇതിൽ നിന്നും എഫ്.എം.-ന് നൽകിയ 'അനന്തപുരി' എന്ന പേരിൽ നിന്നും മലയാള ഭാഷയ്ക്കും നാട്ടിലെ സംസ്കാരത്തിനും തുടക്കത്തിലുണ്ടായിരുന്ന ഊന്നൽ വ്യക്തമാണ്. എന്നാൽ ഇന്ന് മലയാള ഭാഷയ്ക്കുതന്നെ കേന്ദ്ര അധികൃതരുടെ ഈ നീക്കം എതിരായിരിക്കുന്നു. പല മലയാള പരിപാടികളും പ്രക്ഷേപണം ചെയ്യുന്നത് നിർത്തലാക്കി. രാവിലെ

9.00 മണിക്ക് ഹിന്ദി റിലേ ആക്കുകയും തിരുവനന്തപുരം-ആലപ്പുഴ നിലയങ്ങളിലെ ശാസ്ത്രീയ സംഗീതത്തിന്റെയും കഥകളി പദത്തിന്റെയും സമയം വെട്ടിക്കുറയ്ക്കുകയും ആ വേളകളിലൊക്കെ ചലച്ചിത്ര ഗാനങ്ങളാക്കുകയും ചെയ്തു. ഭരണഘടനയിൽ അംഗീകരിക്കപ്പെട്ടിട്ടുള്ള ഭാഷയാണ് മലയാളം. സാർവ്വദേശീയമായി അംഗീകരിക്കപ്പെട്ടിട്ടുള്ള സാംസ്കാരമാണ് കേരള സംസ്കാരം. ഇതിനൊക്കെ എതിരായ നടപടികൾ കൈക്കൊണ്ടത് ഏതെങ്കിലും സർവേയുടെയോ അല്ലെങ്കിൽ പഠനത്തിന്റെയോ അടിസ്ഥാനത്തിലല്ല. അനന്തപുരി എഫ്.എം.-ൽ ഉണ്ടായിരുന്ന 'സംഗീതസുധ' എന്ന അര മണിക്കൂർ പരിപാടി വേണ്ടെന്നുവച്ചു. 'രാഗാമൃതം' എന്ന ശാസ്ത്രീയ സംഗീത പരിപാടി തിരുവനന്തപുരം-ആലപ്പുഴ നിലയങ്ങളിൽ രാവിലെ 9.15-ന് പ്രക്ഷേപണം ചെയ്തിരുന്നത് റദ്ദാക്കി. രാവിലെയുണ്ടായിരുന്ന മലയാള പ്രഭാഷണം അപ്രധാനമായ സമയത്തേയ്ക്ക് മാറ്റി. ഉചിതമല്ലാത്തതും ഭാഷാവിരുദ്ധവും സംസ്കാരവിരുദ്ധമായ മാറ്റങ്ങളാണ് പ്രസാർ ഭാരതി വരുത്തുന്നത്. ഇത് ആശാസ്യമല്ല. ഈ തെറ്റുകൾ തിരുത്തണമെന്ന് ആവശ്യപ്പെടാൻ ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ ഇടപെടുകതന്നെ ചെയ്യുമെന്ന കാര്യം ഓർമ്മിപ്പിക്കുകയാണ്.

(3) പെരിന്തൽമണ്ണ - വളാഞ്ചേരി കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ്

ശ്രീ. മഞ്ഞളാംകുഴി അലി: സർ, കോവിഡ് മഹാമാരിക്കുമുമ്പ് പന്ത്രണ്ടോളം കെ.എസ്.ആർ.ടി.സി. ബസുകൾ സർവ്വീസ് നടത്തിയിരുന്ന നോട്ടിഫൈഡ് റൂട്ടാണ് പെരിന്തൽമണ്ണ- വളാഞ്ചേരി റൂട്ട്. എന്നാൽ ലോക്ഡൗൺ കാലത്ത് ഈ ബസ് സർവ്വീസുകൾ നിർത്തിവയ്ക്കുകയും നാളിതുവരെ പുനരാരംഭിച്ചിട്ടില്ലാത്തതുമാണ്. ഒരു ബസുപോലും ഇപ്പോൾ ഈ റൂട്ടിൽ സർവ്വീസ് നടത്തുന്നില്ല. പെരിന്തൽമണ്ണ ഗവൺമെന്റ് കോളേജ്, അങ്ങാടിപ്പുറം പോളിടെക്നിക് അതുപോലെ പതിനഞ്ചോളം വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഈ മേഖലയിലുണ്ട്. ധാരാളം സ്കൂളുകളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പോകുന്ന നിരവധി വിദ്യാർത്ഥികൾക്കും ജീവനക്കാർക്കുമാണ് പതിവായി ഈ റൂട്ടിൽ യാത്രചെയ്യേണ്ടി വരുന്നത്. ഇതുകൂടാതെ പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയിലേയ്ക്ക് യാത്രചെയ്യുന്ന രോഗികളും മറ്റും ഈ റൂട്ടിനെയാണ് പ്രധാനമായും ആശ്രയിക്കുന്നത്. MES മെഡിക്കൽ കോളേജ് അവിടെയാണ് സ്ഥിതി ചെയ്യുന്നത്. സ്വകാര്യ ബസ് സർവ്വീസ് കുറഞ്ഞ ഈ റൂട്ടിൽ യാത്രാപ്രശ്നം വളരെ രൂക്ഷമായിട്ടുണ്ട്. കോവിഡ് മഹാമാരിമൂലം അടഞ്ഞുകിടക്കുന്ന സ്കൂളുകളും കോളേജുകളും തുറന്ന

സാഹചര്യത്തിൽ ഈ റൂട്ടിൽ ഏറ്റവും കുറഞ്ഞത് 4 ബസുകളെങ്കിലും സർവ്വീസ് നടത്തേണ്ടത് വളരെ അത്യാവശ്യമാണ്. ആയതിനാൽ പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കും രോഗികൾക്കുമുള്ള യാത്രാക്ലേശം പരിഹരിക്കുന്നതിന് നിർത്തിവച്ച ബസ് സർവ്വീസുകൾ അടിയന്തരമായി പുന:രാരംഭിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു): സർ, പെരിന്തൽമണ്ണ - വളാഞ്ചേരി റൂട്ടിൽ ബസ് സർവ്വീസ് പുന:രാരംഭിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടാണ് ബഹുമാനപ്പെട്ട ശ്രീ. മഞ്ഞളാംകുഴി അലി ഇവിടെ സബ്മിഷൻ ഉന്നയിച്ചിരിക്കുന്നത്. പെരിന്തൽമണ്ണ - വളാഞ്ചേരി റൂട്ടിൽ ധാരാളം സ്വകാര്യ സംരക്ഷിത പെർമിറ്റുകളായി സർവ്വീസുകൾ നടത്തി വന്നിരുന്നപ്പോൾ തന്നെ കെ.എസ്.ആർ.ടി.സി. ചെയിൻ സർവ്വീസുകൾ നടത്തിയിരുന്നു. എന്നാൽ കെ.എസ്.ആർ.ടി.സി. സർവ്വീസുകളിൽ യാത്രക്കാരുടെ എണ്ണത്തിൽ ഗണ്യമായ കുറവുവരികയും പ്രവർത്തനച്ചെലവിനുപോലും വരുമാനം ലഭിക്കാതിരിക്കുകയും ചെയ്തപ്പോൾ ഈ ഗവൺമെന്റ് അധികാരത്തിൽ വരുന്നതിനുമുമ്പുതന്നെ സർവ്വീസുകൾ നിർത്തിവയ്ക്കേണ്ടിവരികയും തുടർന്ന് ജനപ്രതിനിധികളുടെയും

യാത്രക്കാരുടെയും ആവശ്യപ്രകാരം പല സർവ്വീസുകളും പുന:രാരംഭിച്ചെങ്കിലും വരുമാനം തീരെയില്ലാത്തതിനെത്തുടർന്ന് സർവ്വീസുകൾ നിർത്തേണ്ടി വരികയും ചെയ്തു. ഒന്നാം ഘട്ട കോവിഡ് വ്യാപനത്തിനുമുമ്പ് പെരിന്തൽമണ്ണ ഡിപ്പോയിൽനിന്ന് പെരിന്തൽമണ്ണ – വളാഞ്ചേരി റൂട്ടിൽ മൂന്ന് സർവ്വീസുകളാണ് നടത്തിയിരുന്നത്. കോവിഡ് നിയന്ത്രണങ്ങളിൽ ഇളവ് വന്നതിനെത്തുടർന്ന് 2020 ജൂൺ മാസത്തിൽ സർവ്വീസ് പുന:രാരംഭിച്ചെങ്കിലും യാത്രക്കാരുടെയും വരുമാനത്തിന്റെയും കുറവുമൂലം സർവ്വീസ് നിർത്തിവയ്ക്കേണ്ടി വന്നു. 2020 ആഗസ്റ്റ് മാസം ടി റൂട്ടിലെ സർവ്വീസിന് പ്രതിദിനം ലഭിച്ച ശരാശരി വരുമാനം വെറും 2,300/- രൂപയാണ്. ഏറ്റവും ചുരുങ്ങിയത് 10,000/- രൂപയെങ്കിലും കിട്ടിയില്ലെങ്കിൽ ഭീമമായ നഷ്ടമാകുന്നിടത്താണ് 2,300/- രൂപ ലഭിക്കുന്നത്. അതിന് മുമ്പുള്ള മാസങ്ങളിലെ കണക്ക് ഇവിടെ വായിക്കുന്നില്ല. അത് അനുബന്ധമായി ചേർത്തിട്ടുണ്ട്*. ടി വരുമാനം ഡീസലിന്റെ വില നൽകുവാൻ പോലും പര്യാപ്തമല്ല. ഈ റൂട്ടിലെ വരുമാനം സംബന്ധിച്ചവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. 2022 ഫെബ്രുവരി 21 മുതൽ സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ പൂർണ്ണമായ തോതിലാരംഭിച്ച സാഹചര്യമുണ്ട്.

* അനുബന്ധമായി ചേർത്തിട്ടുണ്ട്.

പക്ഷേ സ്വകാര്യ ബസുകൾക്കൊപ്പം കെ.എസ്.ആർ.ടി.സി. ബസും സർവ്വീസ് നടത്തിയാൽ കനത്ത സാമ്പത്തിക നഷ്ടം നേരിടും എന്നതാണവസ്ഥ. എന്നിരുന്നാലും യാത്രക്കാരുടെ എണ്ണം വർദ്ധിക്കുന്ന സാഹചര്യത്തിൽ പെരിന്തൽമണ്ണ-വളാഞ്ചേരി റൂട്ടിൽ കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ പുന:രാരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. അവിടെ സ്കൂളുകളും സ്ഥാപനങ്ങളും ഉണ്ടായതുകൊണ്ട് കാര്യമില്ല; അവരെ കെ.എസ്.ആർ.ടി.സി. ബസുകളിൽ കയറാൻ കൂടി പ്രേരിപ്പിക്കണമെന്നാണെനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

(4) <u>കാഞ്ഞങ്ങാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയുടെ പ്രവർത്തനം</u>

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, എന്റെ നിയോജകമണ്ഡലത്തിലുൾപ്പെട്ട കാഞ്ഞങ്ങാട് നഗരസഭയിലെ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയുടെ പണി പൂർത്തീകരിച്ച് ഒരു വർഷം മുമ്പ്, കഴിഞ്ഞ ഗവൺമെന്റിന്റെ അവസാനഘട്ടത്തിൽ ഉദ്ഘാടനം നിർവ്വഹിച്ചുകഴിഞ്ഞതാണ്. എന്നാൽ അതിന്റെ പ്രവർത്തനം ഇതുവരെ ആരംഭിച്ചിട്ടില്ല. സാധാരണക്കാരായ പാവപ്പെട്ട ആളുകളെ സംബന്ധിച്ചിടത്തോളം ഒട്ടനവധി പ്രയാസങ്ങളാണ് ഇപ്പോൾ അനുഭവിച്ചുകൊണ്ടിരിക്കുന്നത്. സ്ത്രീകളുടെയും കുട്ടികളുടെയും

ആശുപത്രി വരുന്നുവെന്ന രീതിയിൽ വലിയ പ്രചരണങ്ങളെല്ലാമുണ്ടായിട്ടും അത് പൂർത്തീകരിക്കാൻ കഴിയാത്ത സാഹചര്യത്തിൽ അടിയന്തരമായി ഇതിന്റെ പ്രവർത്തനം ആരംഭിക്കത്തക്കവിധത്തിൽ ആവശ്യമായ ഡോക്ടർമാരെയും ജീവനക്കാരെയും നിശ്ചയിച്ച് ആശുപത്രിയുടെ പ്രവർത്തനം ആരംഭിക്കണമെന്നതാണ് എന്റെ സബ്മിഷൻ.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, സ്ത്രീകൾക്കും കുട്ടികൾക്കും മാത്രമായി ചികിത്സാസൗകര്യങ്ങൾ കാസർഗോഡ് ജില്ലയിൽ ഒരുക്കുന്നതിനായാണ് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി കാഞ്ഞങ്ങാട് അനുവദിച്ചത്. ഈ ആശുപത്രിക്കായി 3000 സ്ക്വയർ മീറ്റർ വിസ്തീർണ്ണമുള്ള കെട്ടിടത്തിന്റെ നിർമ്മാണപ്രവൃത്തിയാണ് പൂർത്തിയാക്കിയിട്ടുള്ളത്. ഒ.പി., ഐ.പി., കാഷ്വാലിറ്റി, ലേബർ റൂം, ഓപ്പറേഷൻ തീയേറ്റർ, ഐ.സി.യു. തുടങ്ങിയ ആധുനിക സൗകര്യങ്ങളോടുകൂടിയ ആശുപത്രി കെട്ടിടമാണ് സജ്ജമാക്കിയിട്ടുള്ളത്. നിലവിൽ കെട്ടിടത്തിന്റെ വൈദ്യുതീകരണ ജോലികൾ അന്തിമഘട്ടത്തിലാണ്. ട്രാൻസ്ഫോർമർ കേബിളിന്റെയും ജനറേറ്റർ സ്ഥാപിക്കുന്നതിന്റെയും പ്രവൃത്തികൾ നടന്നുവരുന്നു. ഫയർ

ഫൈറ്റിംഗ് പ്രവൃത്തികളും ലിഫ്റ്റ് സ്ഥാപിക്കുന്നതിനുള്ള പ്രാരംഭപ്രവൃത്തികളും നടന്നുവരുന്നു. ആശുപത്രി പ്രവർത്തിക്കുന്നതിനാവശ്യമായ ഉപകരണങ്ങളും അൾട്രാസൗണ്ട് മെഷീൻ, ഇ.സി.ജി. മെഷീൻ, ഫോട്ടോ തെറാപ്പി യൂണിറ്റ് തുടങ്ങിയ എല്ലാ ഉപകരണങ്ങളും മറ്റ് ഫർണിച്ചറുകളും കെ.എം.എസ്.സി.എൽ. (കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ്) മുഖാന്തരം ലഭ്യമാക്കിവരുന്നു. ഈ സർക്കാർ അധികാരമേറ്റശേഷം 2021 സെപ്റ്റംബർ മാസത്തിൽ സ്റ്റാഫ് നഴ്സ് -7, ഫാർമസിസ്റ്റ്-2, ക്ലാർക്ക്-2, ഓഫീസ് അറ്റൻഡന്റ് - 1 എന്നിങ്ങനെ 12 തസ്തികകൾ ആശുപത്രിയിൽ സൃഷ്ടിച്ചിട്ടുണ്ട്. ആവശ്യമായ തസ്തികകൾ അനുവദിച്ച് ഉപകരണങ്ങൾ സജ്ജീകരിച്ച് കാസർഗോഡ് ജില്ലയുടെ സാഹചര്യംകൂടി പരിഗണിച്ച് എത്രയുവേഗം ആശുപത്രിയുടെ പ്രവർത്തനം ആരംഭിക്കാനാണ് സർക്കാർ ശ്രമിക്കുന്നത്.

## (5) <u>കാത്ത് ലാബിന്റെ പ്രവർത്തനം</u>

<u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:</u> സർ, കോഴിക്കോട് ബീച്ച് ഗവൺമെന്റ് ജനറൽ ആശുപത്രിയിലെ കാത്ത് ലാബിന്റെ പ്രവർത്തനം സംബന്ധിച്ചാണ് ഞാൻ സബ്മിഷൻ ഉന്നയിക്കുന്നത്. 2021 ഫെബ്രുവരിയിൽ 5 കോടി രൂപ

അനുവദിച്ചുകൊണ്ടാണ് ഗവൺമെന്റ് ഇതിന് തുടക്കം കുറിച്ചിട്ടുള്ളത്. വിശദമായ പദ്ധതിരേഖ നൽകിയതിന്റെ ഭാഗമായി ഏകദേശം 11 കോടി രൂപ ചെലവഴിച്ചുകൊണ്ട് ഏപ്രിലിൽ കാത്ത് ലാബിന്റെ പ്രവർത്തനമാരംഭിച്ചു. ഏകദേശം 10 മാസത്തിലധികമായി അത് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ 10 മാസമായിട്ടും അവിടേയ്ക്ക് ഒരാളെയും പോസ്റ്റ് ചെയ്തിട്ടില്ലെന്നുള്ളതാണ് വാസ്തവം. കാർഡിയോളജിസ്റ്റ്, മെഡിക്കൽ ഓഫീസർ എന്നീ തസ്തികകളിൽ എൻ.എച്ച്.എം-ൽ നിന്ന് താൽക്കാലികമായി ഒരു ഡോക്ടറെ വീതം പോസ്റ്റ് ചെയ്തിട്ടുണ്ട്. സ്റ്റാഫ് നഴ്സ്-3, കാർഡിയോ വാസ്കുലാർ ടെക്നോളജിസ്റ്റ്-2 എന്നിങ്ങനെ എച്ച്.ഡി.എസ്. നിയമിച്ചിട്ടുള്ളതാണ്. പി.എസ്.സി. ജനറൽ പൂളിൽനിന്ന് ഒരു നഴ്സുണ്ട്. മറ്റ് മൂന്ന് സ്റ്റാഫുകൾ. ചുരുങ്ങിയ കാലത്തിനുള്ളിൽ ഇവരുടെ നല്ല പ്രവർത്തനം കൊണ്ട് 374 ആൻജിയോപ്ലാസ്റ്റിയും ആൻജിയോഗ്രാമും 1784 എക്കോ ടെസ്റ്റുകളും 640 ടി.എം.ടി. ടെസ്റ്റുകളും നടത്തുകയുണ്ടായി. 496 പേരെ കാർഡിയാക് ഐ.സി.യു.-വിൽ പ്രവേശിപ്പിക്കാനും ചികിത്സ നൽകാനും സാധിച്ചു. ഒരു കാർഡിയോളജിസ്റ്റ് മാത്രമാണെങ്കിലും അദ്ദേഹം വളരെ പ്രതിബദ്ധതയോടുകൂടിയും ആത്മാർത്ഥമായും പ്രവർത്തിക്കുന്നതുകൊണ്ടാണ്

ഇത്രയൊക്കെ സാധിക്കാൻ കഴിഞ്ഞിട്ടുള്ളത്. ഈയടുത്ത ദിവസം അവിടെയൊരു പ്രശ്നമുണ്ടായി. കാത്ത് ലാബിലേയ്ക്ക് വേണ്ട ഉപകരണങ്ങൾ വാങ്ങുന്ന കമ്പനികൾ ഇനി മുതൽ സാധനങ്ങൾ നൽകില്ലെന്നും അവർ നൽകിയ സാധനങ്ങൾ എടുത്തുകൊണ്ടുപോകുമെന്നും പറഞ്ഞതിന്റെ ഭാഗമായി അതിന്റെ പ്രവർത്തനം നിലച്ചുപോയി. ഞാൻ ഇടപെട്ടുകൊണ്ട് അവിടെയൊരു മീറ്റിംഗ് വിളിച്ചുചേർത്തപ്പോഴാണ് ഇതിന്റെ കാര്യങ്ങൾ വളരെ ഗൗരവമുള്ളതാണെന്ന് മനസ്സിലായത്. ഏകദേശം 2 കോടിയോളം രൂപ കമ്പനിക്ക് നൽകാനുണ്ടെന്ന് പറഞ്ഞു. ഗവൺമെന്റ് ഉടനടി ഇടപെട്ടുകൊണ്ട് 53 ലക്ഷം രൂപ അനുവദിച്ച് അപ്പോൾ തന്നെ അവർക്ക് നൽകി. മൂന്നുമാസം കൂടുമ്പോഴെങ്കിലും ബാക്കി തുക തന്നില്ലെങ്കിൽ ഉപകരണങ്ങൾ കൊടുക്കാൻ കഴിയില്ലെന്ന് അവർ ആവശ്യപ്പെട്ടിരുന്നു. ഗവൺമെന്റായതുകൊണ്ട് കുറച്ചുസമയംകൂടി അനുവദിക്കേണ്ടിവരുമെന്നും കൃത്യമായി നൽകാൻ കഴിയില്ലെന്നും ഞാൻ പറഞ്ഞു. അതിന്റെ ഭാഗമായി കമ്പനി സമ്മതിച്ചു. അവിടെ ഒരു ക്ലാർക്കുപോലുമില്ല. കാർഡിയോളജിസ്റ്റിന് കൊടുക്കുന്ന ശമ്പളം 65,000/- രൂപയാണ്. ഒരു സീനിയർ ക്ലാർക്കിന്റെ ശമ്പളം പോലും എം.ഡി.,ഡി.എം. എടുത്തിട്ടുള്ള ഒരു

കാർഡിയോളജിസ്റ്റിനില്ല. രണ്ട് കാർഡിയോളജിസ്റ്റിനെയെങ്കിലും നിർബന്ധമായി വേണ്ടതാണ്. എം.ഡി., ഡി.എം. യോഗ്യതയുള്ള കാർഡിയോളജിസ്റ്റിനെ ഏതെങ്കിലും ഒരു പി.എച്ച്.സി.-യിലാണ് നമ്മൾ പോസ്റ്റ് ചെയ്യുന്നത് എന്നതാണ് നമ്മളുടെ കുഴപ്പം. അതിവിദഗ്ദ്ധനായിട്ടുള്ള ആളാണ് അദ്ദേഹം. കുറച്ചുകാലം അവിടെ പ്രവർത്തിക്കുമ്പോൾ സ്വാഭാവികമായും അവർ സ്വകാര്യ മേഖലയിലേയ്ക്ക് പോകും. കാരണം അവിടെ വലിയതോതിൽ ശമ്പളമുണ്ട്. രണ്ട് ടെസ്റ്റ് നടത്തിയാൽ കിട്ടാവുന്ന പൈസയാണ് അവർക്ക് ഒരു മാസം ശമ്പളമായി കൊടുക്കുന്നത്. അദ്ദേഹം നല്ലൊരു ഡോക്ടറാണ്. അങ്ങനെയുള്ള ഒരുപാട് പ്രശ്നങ്ങൾ നിൽക്കുകയാണ്. അടിയന്തരമായി രണ്ട് കാർഡിയോളജിസ്റ്റുകളെ നിയമിക്കുകയാണ് വേണ്ടത്. അസിസ്റ്റന്റ് സർജനായി നാല് പേരും കാത്ത് ലാബ് ടെക്നീഷ്യനായി രണ്ടുപേരും കാത്ത് ലാബ് സ്റ്റാഫ് നേഴ്സായി രണ്ടുപേരും സി.എസ്.എസ്.ഡി. ടെക്നീഷ്യൻ ഒരാളും എക്കോ ടെക്നീഷ്യൻ ഒരാളും ക്ലാർക്കായി ഒരാളും ഹോസ്പിറ്റൽ അസിസ്റ്റന്റ് ഒരാളും വേണം. ഏകദേശം 10 മാസമായി പ്രവർത്തനമാരംഭിച്ചിട്ടും ഒരാളെപ്പോലും നിയമിക്കാൻ കഴിഞ്ഞില്ലെന്നുള്ളത് വലിയ പോരായ്മ തന്നെയാണ്. ഇതിന്റെ ഏറ്റവും

വലിയ ഗുണം ഒരു ആൻജിയോപ്ലാസ്റ്റി പ്രൊസീഡ്യുവർ ചെയ്യാൻ 15,000/- രൂപ മാത്രമാണ് വാങ്ങുന്നത്. സ്വകാര്യമേഖലയിലാണെങ്കിൽ ഒരു സ്റ്റെന്റ് ഇടുന്നതിന് 30,000/- രൂപയാണ് ഗവൺമെന്റ് റേറ്റ്. ജി.എസ്.ടി. അടക്കം 31,000/- രൂപയാണ് വാങ്ങുന്നത്. 46,000/- രൂപയ്ക്ക് ഒരാൾക്ക് ആൻജിയോപ്ലാസ്റ്റി നടത്താവുന്ന സൗകര്യമാണ് ഇതിലൂടെ കിട്ടുന്നത്. അതേസമയം സ്വകാര്യമേഖലയിൽ ഒരു ലക്ഷം രൂപ കൊടുക്കേണ്ടിവരുന്ന അവസ്ഥയാണുള്ളത്. ഇതൊരു വലിയ വിഷയമായി മാറിയതാണ്. ബഹുമാനപ്പെട്ട മന്ത്രി നല്ലരീതിയിൽ ഇതിലിടപെടുന്നുണ്ട്. പക്ഷെ, നിയമനങ്ങൾ വേണ്ടത്ര കിട്ടാത്തതുകൊണ്ട് വലിയ പ്രയാസമുണ്ട്. പലതവണ ആവശ്യപ്പെട്ടിട്ടുപോലും ധനകാര്യ വകുപ്പ് അനുവദിക്കാത്തതുകൊണ്ടാണെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞിട്ടുണ്ട്. ഇത് പ്രത്യേകം പരിഗണിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞ കോഴിക്കോട് ബീച്ച് ആശുപത്രിയിലെ കാത്ത് ലാബുമായി ബന്ധപ്പെട്ട വിഷയത്തിൽ ബഹുമാനപ്പെട്ട അംഗം നല്ല രീതിയിൽ ഇടപെട്ടിരുന്നു. 2021 ഏപ്രിൽ

മുതലാണ് ബീച്ച് ഹോസ്പിറ്റലിലെ കാത്ത് ലാബ് പ്രവർത്തനമാരംഭിച്ചത്. പോസ്റ്റുകൾ സൃഷ്ടിക്കപ്പെടാത്തതുകൊണ്ട് അവിടെ കാർഡിയോളജിയിൽ സൂപ്പർ സ്പെഷ്യലിറ്റി ബിരുദമുള്ള ഒരു ജൂനിയർ കൺസൾട്ടന്റിനെ ജോലി ക്രമീകരണ വ്യവസ്ഥയിൽ നിയമിച്ചിരുന്നു. അദ്ദേഹം ഇപ്പോഴും അവിടെ തുടരുന്നു. കൂടാതെ ദേശീയ ആരോഗ്യ ദൗത്യം മുഖാന്തരം കരാറടിസ്ഥാനത്തിൽ ഒരു കാർഡിയോളജിസ്റ്റിന്റെ സേവനംകൂടി ലഭ്യമാക്കുകയുണ്ടായി. ഇതിനുപുറമെ കരാർ അടിസ്ഥാനത്തിൽ കാത്ത് ലാബ് ടെക്നീഷ്യൻ, സ്റ്റാഫ് നേഴ്സ്, സി.എസ്.എസ്.ഡി. ടെക്നീഷ്യൻ, എക്കോ ടെക്നീഷ്യൻ, ക്ലീനിംഗ് സ്റ്റാഫ് എന്നിവരെയും നിയമിച്ചിട്ടുണ്ട്. ഇവിടെ കാത്ത് ലാബിന്റെ പ്രവർത്തനങ്ങൾക്കാവശ്യമായിട്ടുള്ള ഉപകരണങ്ങളും സജ്ജീകരണങ്ങളുമൊക്കെയുണ്ട്. ആൻജിയോഗ്രാം, ആൻജിയോപ്ലാസ്റ്റി, പേസ്മേക്കർ ഇംപ്ലാന്റേഷൻ തുടങ്ങിയവയുൾപ്പെടെ 374 പ്രൊസീഡ്യുവറുകൾ ഇതിനോടകം നടന്നിട്ടുണ്ട്. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ അംഗങ്ങളായ രോഗികൾക്ക് സൗജന്യമായ ചികിത്സാസൗകര്യം ലഭ്യമാക്കുകയും ഈ തുക സ്റ്റേറ്റ് ഹെൽത്ത് ഏജൻസി ആശുപത്രിക്ക് കൈമാറുകയും ചെയ്യുന്നുണ്ട്. നാളിതുവരെ എസ്.എച്ച്.എ. സമർപ്പിച്ച

ക്ലെയിമിനത്തിൽ 2,38,80,015/- രൂപ ആശുപത്രിക്ക് നൽകിയിട്ടുണ്ട്. ഇതിൽ ഈ മാസം നൽകിയ 94,88,175/- രൂപയും ഉൾപ്പെട്ടും. ബാക്കിയുള്ള രൂപയുടെ ക്ലെയിമുകൾ പരിശോധനകൾ കഴിഞ്ഞ് വിതരണം ചെയ്യാൻ തയ്യാറാക്കിയിരിക്കുകയാണ്. ബീച്ച് ഹോസ്പിറ്റലിലെ കാത്ത് ലാബ് മാനേജ്മെന്റുമായി ബന്ധപ്പെട്ട് കൃത്യമായിട്ടുള്ള നിർദ്ദേശങ്ങൾ ആശുപത്രി സൂപ്രണ്ടിനുൾപ്പെടെ നൽകിയിട്ടുണ്ട്. ഇതുകൂടാതെ സംസ്ഥാനത്തെ വിവിധ ആശുപത്രികളിൽ നിർമ്മിച്ചിട്ടുള്ള കാത്ത് ലാബുകളുടെ പ്രവർത്തനം വിപുലീകരിക്കുന്നതിനും ക്രമീകരിക്കുന്നതിനുമായി കൃത്യമായ മാർഗ്ഗരേഖ പുറപ്പെടുവിച്ച് നടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. അതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ സൂപ്പർ സ്പെഷ്യാലിറ്റി യോഗ്യതയുള്ള ആരോഗ്യവകുപ്പിലെ സ്ഥിരം ഡോക്ടർമാരുടെ സേവനം ഇതുപോലെയുള്ള കാത്ത് ലാബുകളിലുൾപ്പെടെ സൂപ്പർ സ്പെഷ്യാലിറ്റി സർവ്വീസുകളിലേയ്ക്ക് ലഭ്യമാകുന്നതിനായി ഒരു പാനൽ തയ്യാറാക്കി അതിന് നടപടി സ്വീകരിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. അതിനുള്ള നടപടികൾ ആരംഭിച്ചു. കോഴിക്കോട് ബീച്ച് ആശുപത്രിയിൽ കാർഡിയോളജി, ന്യൂറോളജി, നെഫ്രോളജി എന്നീ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങളിൽ തസ്തികകൾ

സൃഷ്ടിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്.

(6) എഫ്.എച്ച്.സി.-കളിലെ സ്റ്റാഫ് നഴ്സ് തസ്തികയിലെ ഒഴിവുകൾ

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, പ്രൈമറി ഹെൽത്ത് സെന്ററുകളുടെ പേര് മാറ്റി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളാക്കി. ഈ മാറ്റം ഗുണകരമാണ്. പക്ഷെ അതിലെ സ്റ്റാഫ് പാറ്റേണിലാണ് പ്രശ്നമുള്ളത്. അവിടെ സ്റ്റാഫ് നഴ്സ് ഗ്രേഡ്-II-ൽ 200 പോസ്റ്റുകൾ പുതിയതായി ക്രിയേറ്റ് ചെയ്തു. പക്ഷേ അതിന്റെ uneven distribution ആണ് നടന്നിട്ടുള്ളതെന്ന് അതുസംബന്ധിച്ച് പരിശോധിച്ചാൽ അങ്ങേയ്ക്ക് മനസ്സിലാകും. സമയമില്ലാത്തതുകൊണ്ട് ജില്ലാടിസ്ഥാനത്തിലുള്ള കണക്കുകൾ ഞാൻ പറയുന്നില്ല. സ്റ്റാഫ് നഴ്സുമാരെ പ്രോപ്പറായി നിയമിക്കാത്തത് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളുടെ പ്രവർത്തനത്തെ വളരെ മോശമായ വിധത്തിൽ ബാധിച്ചിരിക്കുകയാണ്. അതുകൊണ്ട് അതിനുവേണ്ടിയുള്ള പ്രത്യേക നിർദ്ദേശം നൽകണം. കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ സ്റ്റാഫ് പാറ്റേൺ അനുസരിച്ചുള്ള സ്റ്റാഫുകളെ നിയമിക്കുന്നതിന് തീരുമാനിക്കണം. സ്റ്റാഫുകൾ കുറവുള്ള സ്ഥലങ്ങളിൽക്കൂടി ക്യാബിനറ്റ് അംഗീകരിച്ച 200 പുതിയ പോസ്റ്റുകളിൽനിന്നും നഴ്സുമാരെ നിയമിക്കാനുള്ള

തീരുമാനമെടുക്കണം. ഞാൻ ഒരു ഉദാഹരണം പറയാം. എന്റെ ജില്ലയായ കോട്ടയത്ത് 200-ൽ മൊത്തം കൊടുത്തിട്ടുള്ളത് 6 പോസ്റ്റുകളാണെന്നാണ് എനിക്ക് കിട്ടിയിരിക്കുന്ന റിപ്പോർട്ട്. അത് അങ്ങ് പരിശോധിക്കണം. അങ്ങനെയാണെങ്കിൽ ഡിപ്പാർട്ടുമെന്റിനുതന്നെ അത് നികത്താൻ പറ്റുമെന്നുതന്നെയാണ് എന്റെ വിശ്വാസം. അതുകൊണ്ട് uneven distribution of staff ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (<u>ശ്രീമതി വീണാ ജോർജ്ജ്</u>): സർ, ആർദ്രം പദ്ധതിയിലുൾപ്പെടുത്തി വിവിധ ഘട്ടങ്ങളിലായി കോട്ടയം ജില്ലയിലെ വിവിധ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ ആർദ്രം പദ്ധതിയിലുൾപ്പെടുത്തി ആദ്യഘട്ടത്തിൽ 22 സ്റ്റാഫ് നഴ്സുമാരുടെ അധിക തസ്തികകളും രണ്ടാം ഘട്ടത്തിൽ 15 സ്റ്റാഫ് നഴ്സുമാരുടെ അധിക തസ്തികകളും ഏറ്റവും ഒടുവിലായി 6 സ്റ്റാഫ് നഴ്സുമാരുടെ അധിക തസ്തികകളും സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ സ്റ്റാഫ് നഴ്സിന്റെ സേവനം അധികമായി വേണ്ടിവരികയാണെങ്കിൽ എൽ.എസ്.ജി.ഡി.,

എൻ.എച്ച്.എം., എച്ച്.എം.സി. എന്നിവ മുഖേന കരാടിസ്ഥാനത്തിൽ സേവനം ലഭ്യമാക്കാവുന്നതുമാണ്. നിലവിൽ കോട്ടയം ജില്ലയിൽ 5 സ്റ്റാഫ് നഴ്സുമാരുടെ ഒഴിവുകളാണുള്ളത്. അതിൽ രണ്ടെണ്ണം പട്ടികവർഗ്ഗ വിഭാഗത്തിനായി മാറ്റി വച്ചിരിക്കുന്നതും മൂന്നെണ്ണം എൻ.ജെ.ഡി. പ്രകാരം നിലനിൽക്കുന്നതുമാണ്. ഈ 5 ഒഴിവുകളും പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുമുണ്ട്. പാറമ്പുഴ, പനച്ചിക്കാട് എന്നിവിടങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ അസിസ്റ്റന്റ് സർജൻ-1, സ്റ്റാഫ് നഴ്സ്-2, ലാബ് ടെക്നീഷ്യൻ-1 എന്നീ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. 2021 ആഗസ്റ്റ് 3-നാണ് പാറമ്പുഴയിൽ എഫ്.എച്ച്.സി.-യായി പ്രവർത്തനം ആരംഭിച്ചത്. പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി 10 കിടക്കകളോടുകൂടിയ ഐസൊലേഷൻ ബ്ലോക്ക് നിർമ്മിക്കുന്നതിനും ഈ എഫ്.എച്ച്.സി.-യെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്. നിലവിൽ ഈ സ്ഥാപനത്തിൽ 4 സ്റ്റാഫ് നഴ്സുമാരുടെയും 3 ഡോക്ടർമാരുടെയും തസ്തികയുണ്ട്. എഫ്.എച്ച്.സി. പനച്ചിക്കാട് പ്രതിദിന ശരാശരി ഒ.പി. 110-ഉം ശരാശരി ഐ.പി. 5-ഉം ആയ ഈ സ്ഥാപനത്തിൽ 4 സ്റ്റാഫ് നഴ്സുമാരുടെ സേവനമാണ് ലഭ്യമാക്കിയിരുന്നത്. ആർദ്രം പദ്ധതിയുടെ ഭാഗമായാണ് നിലവിൽ

സ്ഥാപനത്തിന് അനുവദിച്ചിരിക്കുന്ന 2 സ്റ്റാഫ് നഴ്സുമാരുടെ തസ്തിക സൃഷ്ടിക്കപ്പെട്ടത്. കൂടാതെ എൻ.എച്ച്.എം. സ്റ്റാഫ് നഴ്സിന്റെ സേവനവും ജോലി ക്രമീകരണ വ്യവസ്ഥയിൽ ഒരു സ്റ്റാഫ് നഴ്സിന്റെ സേവനവും ഇവിടെ ലഭ്യമാക്കിയിട്ടുണ്ട്. പരമാവധി ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതുകൂടാതെ കൂടുതൽ രോഗികളെത്തുന്ന സാഹചര്യത്തിൽ ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം പൊതുവെ സർക്കാർ പരിഗണിച്ചുകൊണ്ടിരിക്കുകയാണ്.

(7) ഞാവളിൻകടവ് പാലം നിർമ്മാണം

ശ്രീ. കെ. പ്രേംകുമാർ: സർ, പാലക്കാട് ജില്ലയിൽ പത്തിരിപ്പാലയെയും പെരിങ്ങോട്ടുകുറിശ്ശിയെയും ബന്ധിപ്പിച്ചുകൊണ്ട് ഭാരതപ്പുഴയ്ക്കുകുറുകെ റെയിൽവേ മേൽപ്പാലം ഉൾപ്പെടെയുള്ള ഞാവളിൻകടവ് പാലത്തിന്റെ നിർമ്മാണത്തിന് ഒറ്റപ്പാലം മണ്ഡലത്തിലെ ലക്കിടി പേരൂർ-2 വില്ലേജിൽ നിലം പരിവർത്തനാനുമതി ലഭിക്കണമെന്നതാണ് സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. മൂന്നര കിലോമീറ്റർ മാത്രമാണ് പത്തിരിപ്പാലയും പെരിങ്ങോട്ടുകുറിശ്ശിയും തമ്മിലുള്ള ദൂരം. പാലക്കാട് നഗരത്തിലെ തിരക്ക് ഒഴിവായികിട്ടുന്നതിനും ജില്ലയിലെ വടക്ക് ഭാഗത്തുനിന്നും

പൊള്ളാച്ചിയിൽനിന്നും വരുന്ന ചരക്ക് വാഹനങ്ങൾക്ക് മണ്ണാർക്കാട് പ്രദേശത്തേയ്ക്ക് പോകുന്നതിനും ഏറെ ഗുണകരമാകുന്നതാണ് ഈ പദ്ധതി. തൃത്താല മണ്ഡലത്തിലെ പെരിങ്ങോട്ടുകുറിശ്ശി രണ്ടാം വില്ലേജിൽ പാലം നിർമ്മിക്കുന്നതിനാവശ്യമായ നിലം പരിവർത്തനപ്പെടുത്തുന്നതിനുള്ള അനുമതി 28-12-2019-ന് ലഭ്യമായിട്ടുണ്ട്. ലക്കിടി പേരൂർ-2 വില്ലേജിൽ 196.46 സെന്റ് കൃഷിഭൂമി പരിവർത്തനപ്പെടുത്തുന്നതിനുള്ള അനുമതിക്ക് അപേക്ഷ സമർപ്പിച്ചിരുന്നെങ്കിലും നിരസിക്കുകയാണുണ്ടായത്. ജില്ലയുടെ വികസന മുന്നേറ്റത്തിൽ ശ്രദ്ധേയമാകുന്ന ഈ പദ്ധതിയുടെ മുന്നോട്ടുപോക്കിന് നിലം പരിവർത്തനാനുമതി ലഭിക്കേണ്ടത് മുഖ്യആവശ്യമാണ്. ആയത് എത്രയും വേഗം അനുവദിക്കണമെന്ന് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (<u>ശ്രീ. പി. പ്രസാദ്</u>): സർ, പാലക്കാട് ജില്ലയിൽ ലക്കിടി പേരൂർ-2 വില്ലേജിൽ പത്തിരിപ്പാലയെയും പെരിങ്ങോട്ടുകുറിശ്ശിയെയും തമ്മിൽ ബന്ധിപ്പിക്കുന്ന ഭാരതപ്പുഴയ്ക്ക് കുറുകെ റെയിൽവേ മേൽപ്പാലത്തോടുകൂടിയുള്ള ഞാവളിൻകടവ് പാലത്തിന്റെ അനുബന്ധ റോഡ് നിർമ്മാണത്തിന് 196.46 സെന്റ് നിലം

പരിവർത്തനപ്പെടുത്തുന്നതിന് പാലക്കാട് പൊതുമരാമത്ത് നിരത്ത് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ സമർപ്പിച്ച അപേക്ഷ പരിശോധിച്ചു. ഈ അപേക്ഷയിൽ സൂചിപ്പിച്ച ഭൂമി ഇരുപ്പൂ കൃഷി ചെയ്യുന്ന സ്ഥലമാണ്. ഈ സ്ഥലം പരിവർത്തനപ്പെടുത്തിയാൽ നെൽകൃഷിയെ സാരമായി ബാധിക്കുന്നതും ജല സംഭരണിയായതിനാൽ നികത്തപ്പെടുന്നത് ദൂരവ്യാപകമായ പാരിസ്ഥിതിക പ്രശ്നത്തിന് ഇടവരുത്തുകയും ചെയ്യും. ടി പ്രദേശം പാരിസ്ഥിതിക പ്രാധാന്യമുള്ളതും ഭൂമിശാസ്ത്രപരമായി ശുദ്ധജല സംഭരണികളായി നിലകൊള്ളേണ്ടതുമാണ്. ഇത്തരത്തിൽ ഭൂഗർഭ ജലസ്രോതസ്സ് സംരക്ഷിക്കപ്പെടുന്നതിനാലാണ് പ്രദേശങ്ങളിൽ ശുദ്ധജല ലഭ്യത ഉറപ്പാകുന്നത്. പരിവർത്തനപ്പെടുത്താൻ ആവശ്യപ്പെടുന്ന സ്ഥലം പ്രത്യേക പാരിസ്ഥിതിക വ്യവസ്ഥയും ആവാസവ്യവസ്ഥയും ഉൾക്കൊള്ളുന്ന പ്രദേശമാണ്. ആയതിനാൽ യാതൊരു തരത്തിലുള്ള പരിവർത്തനങ്ങളും പ്രസ്തുത പ്രദേശത്ത് അനുവദനീയമല്ലെന്നും ഏത് തരത്തിലുള്ള മാറ്റങ്ങളും ദൂരവ്യാപകമായ പാരിസ്ഥിതിക പ്രത്യാഘാതത്തിന് ഇടയാക്കുമെന്നും പ്രദേശത്തെ ശുദ്ധജല ലഭ്യത എന്നെന്നേയ്ക്കുമായി ഇല്ലാതാകുമെന്നും ബോധ്യപ്പെട്ടിട്ടുണ്ട്. 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ

നിയമം വകുപ്പ്-10 പ്രകാരം സംസ്ഥാനതല സമിതിയുടെ റിപ്പോർട്ട് പരിഗണിച്ചതിനുശേഷം അപ്രകാരമുള്ള പരിവർത്തനപ്പെടുത്തലോ രൂപാന്തരപ്പെടുത്തലോ ചേർന്നുകിടക്കുന്ന നെൽവയലോ നെൽകൃഷിയോ ഏതെങ്കിലും ഉണ്ടെങ്കിൽ അതിനെയോ അതിലേയ്ക്കുള്ള സുഗമമായ നീരൊഴുക്കിനെയോ പ്രതികൂലമായി ബാധിക്കുകയില്ലെന്ന് അഭിപ്രായമുള്ളപക്ഷം മാത്രമേ പൊതുആവശ്യത്തിന് ടി നിയമത്തിലെ ഇളവ് അനുവദിക്കാൻ സാധിക്കുകയുള്ളൂ. പ്രസ്തുത ഭൂമി പരിവർത്തനപ്പെടുത്തൽ സമീപത്തെ നെൽകൃഷിയെയും സുഗമമായ നീരൊഴുക്കിനെയും പ്രതികൂലമായി ബാധിക്കുമെന്ന് സർക്കാരിന് ബോധ്യപ്പെട്ടതിനാലാണ് അപേക്ഷ നിരസിച്ചത്. പെരിങ്ങോട്ടുകുറിശ്ശി-2 വില്ലേജിൽ ഞാവളിൻകടവ് പാലത്തിലേയ്ക്കുള്ള അനുബന്ധ റോഡ് നിർമ്മിക്കുന്നതിന് പി.ഡബ്ല്യു.ഡി. നിരത്ത് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ സമർപ്പിച്ച അപേക്ഷയിൽ സൂചിപ്പിച്ച 308.4 സെന്റ് നെൽവയൽ പരിവർത്തനം ചെയ്താൽ നെൽകൃഷിയെ സാരമായി ബാധിക്കുമെന്ന് ബോധ്യപ്പെട്ടതിനാൽ 9-11-2017-ലെ സർക്കാർ ഉത്തരവ് പ്രകാരം അനുമതി നിരസിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ ഞാവളിൻകടവ് പാലവും അനുബന്ധ റോഡും

അത്യന്താപേക്ഷിതമായതിനാൽ പാലക്കാട് ജില്ലാ കളക്ടർ ഈ വിഷയത്തിന്മേൽ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സമീപപ്രദേശത്തെ നെൽപ്പാടങ്ങളെ സംരക്ഷിച്ച് അനുബന്ധ റോഡിനായി നെൽപ്പാടത്തിനുകുറുകെ ഒരു elevated structure നിർമ്മിക്കുന്നത് നെൽവയലിന്റെ നാശവും പാരിസ്ഥിതികാഘാതവും കുറയ്ക്കുമെന്ന് റിപ്പോർട്ട് ചെയ്യുകയുണ്ടായി. പ്രസ്തുത റിപ്പോർട്ട് സർക്കാർ പരിശോധിക്കുകയും 308.4 സെന്റ് നിലത്ത് elevated structure നിർമ്മിക്കുന്നതിനാവശ്യമായ പരമാവധി കുറഞ്ഞ അളവിലുള്ള നിലം പരിവർത്തനപ്പെടുത്തുന്നതിന് അനുമതി നൽകിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. പാലത്തിന്റെ ഒറ്റപ്പാലം മണ്ഡലത്തിന്റെ ഭാഗമായ ലക്കിടി പേരൂർ ഭാഗത്തെ അനുബന്ധ റോഡിനായി പരമാവധി കുറഞ്ഞ അളവിലുള്ള നിലം പരിവർത്തനപ്പെടുത്തുന്നതിനുള്ള പ്രൊപ്പോസൽ ലഭ്യമായിട്ടില്ല. പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്.

(8) ജൽജീവൻ മിഷൻ

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, എല്ലാ ഗ്രാമങ്ങളിലും ശുദ്ധമായ കുടിവെള്ളം എത്തിക്കുകയെന്ന ലക്ഷ്യത്തോടെ രൂപം നൽകിയ 'ജൽജീവൻ

മിഷൻ' കേരളത്തിൽ നടപ്പിലാക്കുന്നതിന് വലിയ പ്രതിസന്ധി ഉണ്ടായിരിക്കുകയാണ്. തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിലെ ഉദയംപേരൂർ പഞ്ചായത്തുമായി ബന്ധപ്പെട്ടാണ് ഈ സബ്മിഷൻ ഉന്നയിക്കുന്നതെങ്കിലും സംസ്ഥാനത്തെ 109 പഞ്ചായത്തുകളെയും ബാധിക്കുന്ന സ്ഥിതിയിലേയ്ക്ക് എത്തിയിരിക്കുകയാണ്. ഗുണഭോക്തൃവിഹിതമായ 5 കോടി രൂപയിൽ കൂടുതൽ അടയ്ക്കാൻ നിവൃത്തിയില്ലാത്ത പഞ്ചായത്തുകളെ ഇതിൽനിന്നും ഒഴിവാക്കിയിരിക്കുകയാണ്. പഞ്ചായത്തുതലത്തിൽ തീരുമാനമെടുത്ത് ജില്ലാതലത്തിൽ അംഗീകരിച്ചശേഷം കേന്ദ്രഗവൺമെന്റിന്റെ അനുമതിയും ലഭിച്ച് സ്റ്റേറ്റ് വാട്ടർ ആൻഡ് സാനിട്ടേഷൻ മിഷൻ യോഗം ചേർന്നപ്പോഴാണ് ഗുണഭോക്തൃവിഹിതമായ 5 കോടി രൂപയിൽ കൂടുതൽ അടയ്ക്കാൻ നിവൃത്തിയില്ലാത്ത പഞ്ചായത്തുകളെ ഒഴിവാക്കാനുള്ള നിർദ്ദേശം വന്നത്. അങ്ങനെ വരുമ്പോൾ 109 പഞ്ചായത്തുകൾ ഇതിൽനിന്നും ഒഴിവാകും. തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിലെ ഒരു പഞ്ചായത്തിൽ മാത്രം ഏകദേശം 4860 കുടുംബങ്ങളും കേരളത്തിൽ മൊത്തം 3.50 ലക്ഷം കുടുംബങ്ങളും ഒഴിവാകും. ശമ്പളം കൊടുക്കാൻ നിവൃത്തിയില്ലാത്ത,

സർക്കാരിന്റെ ഗ്രാന്റ് കൊണ്ടുമാത്രം പ്രവർത്തിക്കുന്ന പഞ്ചായത്തുകൾക്ക് ഈ വിഹിതം അടയ്ക്കാൻ പ്രയാസമുണ്ട്. അതുകൊണ്ട് ഈ പഞ്ചായത്തുകളെ ഒഴിവാക്കുന്നതിനുപകരം ഈ പഞ്ചായത്തുകളെക്കൂടി ഉൾപ്പെടുത്തി ജൽജീവൻ പദ്ധതി നടപ്പിലാക്കുന്നതിന് ഗവൺമെന്റ് നടപടി സ്വീകരിക്കണം. നിവൃത്തിയില്ലാത്ത പഞ്ചായത്തുകളെ ഗവൺമെന്റ് സപ്പോർട്ട് ചെയ്യണം. മിക്കവാറും എല്ലാ ബഹുമാനപ്പെട്ട മന്ത്രിമാരുടെയും എം.എൽ.എ.-മാരുടെയും നിയോജകമണ്ഡലത്തെ ഇത് ബാധിച്ചിട്ടുണ്ട്. എല്ലാവരും അത് മനസ്സിലാക്കിയിട്ടുണ്ടോയെന്ന് എനിക്കറിയില്ല. വളരെ ഗൗരവമുള്ളൊരു പ്രശ്നമാണിത്. ഗ്രാമീണ ജനങ്ങൾക്ക് കുടിവെള്ളം എത്തിക്കാൻവേണ്ടി 50 ശതമാനം സംസ്ഥാന വിഹിതവും 50 ശതമാനം കേന്ദ്രവിഹിതവും എന്ന നിലയിൽ നടപ്പാക്കാൻ ഉദ്ദേശിച്ച കേന്ദ്ര സർക്കാരിന്റെ പദ്ധതിയാണിത്. കേരളത്തിൽ വന്നപ്പോൾ പഞ്ചായത്തിന്റെ വിഹിതവും ഗുണഭോക്തൃവിഹിതവും നിശ്ചയിച്ചു. പക്ഷെ ഇപ്പോൾ പഞ്ചായത്തിന് വിഹിതം അടയ്ക്കാൻ നിവൃത്തിയില്ല. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയുടെ നിയോജകമണ്ഡലത്തെയും മറ്റ് പല ബഹുമാനപ്പെട്ട മന്ത്രിമാരുടെയും എം.എൽ.എ.-മാരുടെയും നിയോജകമണ്ഡലത്തെയും ഇത്

ബാധിക്കുന്നുണ്ട്. അതുകൊണ്ട് ഇക്കാര്യത്തിൽ ഗവൺമെന്റ് ഒരു തീരുമാനമെടുക്കണം. നിവൃത്തിയില്ലാത്ത പഞ്ചായത്തുകളെ ഒഴിവാക്കി പദ്ധതി നടപ്പിലാക്കുന്നതിനുപകരം ഗവൺമെന്റ് സപ്പോർട്ട് നൽകി ഈ പദ്ധതി എല്ലാ പഞ്ചായത്തുകളിലും നടപ്പിലാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ജൽജീവൻ മിഷൻ പദ്ധതിയിൽനിന്നും ഒരു പഞ്ചായത്തിനെയും ഒഴിവാക്കാൻ തീരുമാനമില്ല. 2024-ഓടുകൂടി കേരളത്തിലെ മുഴുവൻ ഗ്രാമീണ മേഖലയിലും ഗാർഹിക കുടിവെള്ള കണക്ഷൻ ലഭ്യമാക്കുന്നതിനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. ഇതിനോടൊപ്പം ഭരണാനുമതി ലഭ്യമായ 35.64 ലക്ഷം കണക്ഷനുവേണ്ടിയുള്ള പ്രവൃത്തികൾ നടന്നുവരികയാണ്. ഇവിടെ സൂചിപ്പിച്ചതുപോലെ, ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലുള്ള സ്റ്റേറ്റ് വാട്ടർ ആൻഡ് സാനിറ്റേഷൻ മിഷന്റെ യോഗത്തിൽ ജൽജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള കുടിവെള്ള പദ്ധതികൾക്ക് അഞ്ച് കോടിരൂപയോ, അതിലേറെയോ വരുന്ന പഞ്ചായത്തുകളുടെ ബുദ്ധിമുട്ട് മനസ്സിലാക്കിയിട്ടുണ്ട്. അങ്ങനെ ബുദ്ധിമുട്ടുള്ള പഞ്ചായത്തുകളുടെ കാര്യത്തിൽ ഈ പദ്ധതികളെ സംബന്ധിച്ച് പുനരവലോകനം നടത്താനും

സാമ്പത്തിക ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ടെങ്കിൽ അത് എങ്ങനെയാണ് പരിരക്ഷിക്കാൻ സാധിക്കുമെന്നുള്ളതിനെക്കുറിച്ച് വളരെ സഹായകരമായ ചിന്തകൾ മാത്രമാണ് ഗവൺമെന്റിന്റെ പക്കലുള്ളത്. അതുകൊണ്ട് ഇത്തരം കാര്യങ്ങളിൽ ആശങ്കകൾ ആവശ്യമില്ല. എല്ലാ എം.എൽ.എ.-മാരും അവരവരുടെ നിയോജകമണ്ഡലത്തിലെ പഞ്ചായത്തുകളിൽനിന്നും അതിനാവശ്യമായ നടപടികൾ സ്വീകരിച്ച് സ്റ്റേറ്റ് ലെവൽ കമ്മിറ്റിയിൽ കൊണ്ടുവന്ന് പാസ്സാക്കി ടെണ്ടർ ചെയ്ത പ്രവൃത്തികൾ നടത്തിക്കൊണ്ടുപോകുന്നതിന് സഹായകമായ നിലപാടാണ് സ്വീകരിക്കേണ്ടത്. സാമ്പത്തിക ഭദ്രതയില്ലാത്ത പഞ്ചായത്തുകളുടെ കാര്യത്തിൽ സഹായകരമായ നിലപാട് സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുന്നതാണ്. അതോടൊപ്പം ഇത്തരം കാര്യങ്ങളിൽ സ്ഥാപനങ്ങളെ സഹായിക്കാൻ എം.പി./എം.എൽ.എ ഫണ്ടുകൾ വിനിയോഗിക്കുന്നതിനുള്ള അനുവാദവും 2020-ലെ ഗവൺമെന്റ് ഉത്തരവ് പ്രകാരം ഇതിനോടകം നൽകിയിട്ടുണ്ട്. അതുകൊണ്ട് 2024 ആകുമ്പോഴേയ്ക്കും എല്ലാ മേഖലയിലും കുടിവെള്ളമെന്ന സ്വപ്നം സാക്ഷാൽക്കരിക്കാൻ എല്ലാവരും ഒരുമിച്ച് പ്രവർത്തിക്കുകയാണ് വേണ്ടത്. ഒരു പഞ്ചായത്തിനെയും ഇതിൽനിന്നും

ഒഴിവാക്കുന്ന പ്രശ്നമില്ല. അങ്ങനെ എന്തെങ്കിലും വിഷയങ്ങളുണ്ടെങ്കിൽ പരിഹരിക്കുന്നതായിരിക്കും. മാറ്റിവച്ച പഞ്ചായത്തുകളെ സംബന്ധിച്ച് പുനരവലോകനം നടത്തി അവയെക്കൂടി ഉൾപ്പെടുത്തും. ആയതിന് സഹായകരമായ നിലപാട് എല്ലാ എം.എൽ.എ.-മാരും എടുക്കണം. 2024 ആകുമ്പോൾ എല്ലാ കുടുംബങ്ങളിലും കുടിവെള്ളം എത്തിക്കുകയെന്നത് ഗവൺമെന്റിന്റെ പദ്ധതിയാണ്. അത് നടപ്പിലാക്കുന്നതുമായി ഗവൺമെന്റ് മുന്നോട്ടുപോകുകയാണ്.

## (9) തൃക്കരിപ്പൂരിലെ തീരദേശ ഗ്രാമങ്ങളിൽ ഉപ്പുവെള്ളം കയറുന്നത് സംബന്ധിച്ച്

ശ്രീ. എം. രാജഗോപാലൻ: സർ, തൃക്കരിപ്പൂർ മണ്ഡലത്തിൽപ്പെടുന്ന നീലേശ്വരം മുനിസിപ്പാലിറ്റിയിലെയും ചെറുവത്തൂർ, പടന്ന ഗ്രാമപഞ്ചായത്തുകളിലെയും തീരപ്രദേശ മേഖലകളിൽ അനിയന്ത്രിതമായ തോതിൽ ഉപ്പുവെള്ളം കയറി വ്യാപകമായി കൃഷിനാശം സംഭവിച്ചുകൊണ്ടിരിക്കുകയാണ്. ഏക്കർ കണക്കിന് സ്ഥലങ്ങളിലുള്ള തെങ്ങ് കൃഷിയാണ് നശിച്ചുകൊണ്ടിരിക്കുന്നത്. ജലമലിനീകരണവുമായി ബന്ധപ്പെട്ട പ്രശ്നവും വരുന്നതിനാൽ കുടിവെള്ളത്തിന് വലിയ പ്രയാസം

അനുഭവിക്കുകയാണ്. ഈ വിഷയം സബ്മിഷനായി മുമ്പ് ഉന്നയിക്കുകയും അതിനെത്തുടർന്ന് അന്നത്തെ ജലവിഭവ വകുപ്പുമന്ത്രിയായിരുന്ന ബഹുമാനപ്പെട്ട ശ്രീ. കെ. കൃഷ്ണൻകുട്ടി മുൻകയ്യെടുത്ത് സംസ്ഥാനതലത്തിൽ ഉദ്യോഗസ്ഥരുടെ യോഗം ചേരുകയും ചെയ്തു. തുടർന്ന് മണ്ഡലാടിസ്ഥാനത്തിൽ ഉദ്യോഗസ്ഥരെ പങ്കെടുപ്പിച്ചുകൊണ്ട് യോഗം ചേർന്നു. ക്രമാതീതമായി ഉപ്പുവെള്ളം കയറി നാശ നഷ്ടങ്ങളുണ്ടായിട്ടുള്ള സംഭവത്തിൽ പ്രയാസങ്ങൾ നേരിട്ട് ഏകദേശം 568 ഹെക്ടർ സ്ഥലവും ഇതുമായി ബന്ധപ്പെട്ട 1500-റോളം കുടുംബങ്ങളുടെ പ്രശ്നങ്ങളും പരിഹരിക്കുന്നതിനായി ജലസേചന വകുപ്പ് കാസർഗോഡ്-കാഞ്ഞങ്ങാട് ഡിവിഷൻ അധികൃതർ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുകയുണ്ടായി. അതിനാവശ്യമായ ഫണ്ടിന്റെ അപര്യാപ്തതയാണ് ഇപ്പോഴുള്ളത്. അതുകൊണ്ട് ഇതുമായി ബന്ധപ്പെട്ട് കുറേയധികം സ്ഥലങ്ങൾ ഞാൻ ഇവിടെ രേഖപ്പെടുത്തി ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നുണ്ട്. ഏറ്റവും വേഗത്തിൽ ഈ പ്രശ്നം പരിഹരിക്കുന്നതിനാവശ്യമായ ഫണ്ട് അനുവദിക്കുകയും ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നുമാണ് ഈ സബ്മിഷനിലൂടെ

ആവശ്യപ്പെടുന്നത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ബഹുമാനപ്പെട്ട എം.എൽ.എ സൂചിപ്പിച്ചത് വളരെ ഗൗരവപൂർവ്വമായ വിഷയമാണ്. വലിയ തോതിൽ ഉപ്പുവെള്ളം കയറി കാർഷിക വിളകൾക്കും കുടിവെള്ളത്തിനും പ്രതിസന്ധി സൃഷ്ടിച്ചിരിക്കുന്നുവെന്നുള്ളതാണ് വിഷയം. അത് വളരെ ഗൗരവപൂർവ്വമായാണ് കാണുന്നത്. അതിന് പരിഹാരം കണ്ടെത്തേണ്ടതായിട്ടുണ്ട്. അതിനുവേണ്ടി ഇവിടെ സൂചിപ്പിച്ചതുപോലെ കഴിഞ്ഞ ഗവൺമെന്റിന്റെ ജലവിഭവ വകുപ്പുമന്ത്രി ഉൾപ്പെടെ വകുപ്പുതല ഉദ്യോഗസ്ഥരുടെ ഒരു യോഗം വിളിച്ചുചേർത്ത് അതിനാവശ്യമായ നടപടികൾക്ക് തുടക്കം കുറിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ ഇത്തരം കാര്യങ്ങൾ പരിശോധിച്ചു. 54.21 കോടിരൂപ എസ്റ്റിമേറ്റ് തുക വരുന്ന സമഗ്ര റിപ്പോർട്ട് ജലസേചനവും ഭരണവും വകുപ്പ് ചീഫ് എഞ്ചിനീയർ സർക്കാരിന് ലഭ്യമാക്കിയിട്ടുണ്ട്. ഈ സബ്മിഷൻ ഗൗരവപൂർവ്വം കാണുകയാണ്. അതിനാവശ്യമായ നടപടികൾ സ്വീകരിച്ച് മുന്നോട്ട് പോകുന്നതിനുള്ള പ്രോജക്ട് റിപ്പോർട്ടാണ് നിലവിലുള്ളത്. ആയതിന്റെ അടിസ്ഥാനത്തിൽ പദ്ധതി ആവിഷ്കരിച്ച്

മുന്നോട്ടുപോകുന്നതിനാണ് സർക്കാർ തീരുമാനിക്കുന്നത്.

(10) കാസർഗോഡ് മിനി ഡാമുകളുടെ നിർമ്മാണം

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, കാസർഗോഡ് ജില്ലയിലെ രൂക്ഷമായ ജലക്ഷാമം പരിഹരിക്കുന്നതിനായി ജില്ലാ വികസന പാക്കേജിൽ നിർദ്ദേശിച്ച മൂന്ന് ചെറുകിട ജലസേചന പദ്ധതികളാണ് മൂന്നാംകടവ്, കാക്കടവ്, പയസ്വിനി മിനി ഡാമുകൾ. ഈ പദ്ധതികളുടെ ആവശ്യകത സംബന്ധിച്ചാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. കാസർഗോഡ് ജില്ലയിൽ പന്ത്രണ്ട് നദികളുണ്ട്. ആവശ്യത്തിന് മഴയും ലഭിക്കുന്നുണ്ട്. ധാരാളം ജലസ്രോതസ്സുകളുമുണ്ട്, എന്നിട്ടും എന്തുകൊണ്ടാണ് ഈ ജില്ലയിൽ ഇത്രയും വലിയ ജലക്ഷാമമുണ്ടാകുന്നുവെന്നത് വലിയൊരു പ്രശ്നം തന്നെയാണ്. ഓരോ മഴക്കാലത്തും ഈ നദികൾ നിറഞ്ഞുകവിഞ്ഞ് ജലം മുഴുവൻ അറബിക്കടലിലേയ്ക്ക് ഒഴുകിപ്പോകുകയാണ്. ഈ ജലം സംരക്ഷിക്കാൻ കഴിഞ്ഞാൽ കാസർഗോഡ് ജില്ലയിലെ കൃഷിയുടെ പ്രശ്നത്തിനും കുടിവെള്ള പ്രശ്നത്തിനും ശാശ്വത പരിഹാരമുണ്ടാകും. ഭൂഗർഭ ജലത്തിന്റെ അളവ് കാസർഗോഡ് ജില്ലയിൽ ഗണ്യമായി

കുറഞ്ഞുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് പുതിയ കുഴൽക്കിണർ കുഴിക്കാനുള്ള അനുവാദവും കൊടുക്കുന്നില്ല. അതുകൊണ്ട് ചന്ദ്രഗിരി, പയസ്വിനി പുഴകളിലൂടെ ഒഴുകുന്ന ജലം സംരക്ഷിക്കുന്നതിനുവേണ്ടി ഈ മൂന്ന് പദ്ധതികളിലൂടെ ചെറുകിട മിനി ഡാമുകൾ പണിത് ജലം തടഞ്ഞുനിർത്തണമെന്നതാണ് കാസർഗോഡ് ജില്ലയുടെ പൊതുവായിട്ടുള്ള ആവശ്യം. അതുകൊണ്ട് ഈ മൂന്ന് പദ്ധതികളും അടിയന്തരമായി ആരംഭിക്കണം. ഇതിൽ ആദ്യത്തെ പരിഗണന നൽകേണ്ടത് മൂന്നാം കടവ് പദ്ധതിക്കാണ്. ഇവിടെ വലിയൊരു ഡാം നിർമ്മിക്കുന്നത് സംബന്ധിച്ച് ഇ.എം.എസ്. ഗവൺമെന്റിന്റെ കാലത്തുതന്നെ ഉയർന്നുവന്നതാണ്. പിന്നീട് പല കാരണങ്ങളാലും അത് ഉപേക്ഷിക്കപ്പെട്ടു. അവിടെ മിനി ഡാം പണിത് ജില്ലയിലെ കൃഷിയുടെയും കുടിവെള്ളത്തിന്റെയും പ്രശ്നം പരിഹരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോടും ഗവൺമെന്റിനോടും എനിക്ക് ആവശ്യപ്പെടാനുള്ളത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, കാസർഗോഡ് ജില്ലയിൽ പന്ത്രണ്ട് നദികളുണ്ടെങ്കിലും ഡാമില്ലാത്തതുകൊണ്ട്

വേനൽക്കാലത്ത് കുടിവെള്ള സ്രോതസ്സുകൾ വറ്റിപ്പോകുന്ന വിഷയമാണ് ബഹുമാനപ്പെട്ട എം.എൽ.എ. ഇവിടെ സൂചിപ്പിച്ചത്. 1970-90 കാലഘട്ടങ്ങളിൽ സജീവ പരിഗണനയിലുണ്ടായിരുന്നതും എന്നാൽ മറ്റ് പല പ്രശ്നങ്ങളാലും അവിടെ ഡാമുകൾ നിർമ്മിക്കാൻ സാധ്യമല്ലെന്നുമുള്ള ഒരു വിലയിരുത്തലാണ് രൂപപ്പെട്ടത്. സമീപകാലത്ത് എം.പി.-മാരും എം.എൽ.എ.-മാരും ചേർന്ന യോഗത്തിൽ ആ പദ്ധതി ഉണ്ടാകേണ്ടതിന്റെ ആവശ്യകതയെ സംബന്ധിച്ച് ചർച്ച നടത്തുകയുണ്ടായി. ചന്ദ്രഗിരിപ്പുഴയുടെ കൈവഴിയായ കരിച്ചേരിപ്പുഴയിൽ നിർദ്ദിഷ്ട മൂന്നാം കടവിൽ ഡാം സ്ഥാപിക്കുന്നതിലൂടെ അതിന്റെ കാച്ച്മെന്റ് ഏരിയായിൽ ഉൾപ്പെടുന്ന കാസർഗോഡ്-ഹോസ്ദുർഗ്ഗ് താലൂക്കുകളിലെ ബദിയടുക്ക, കുറ്റിക്കോൽ, കള്ളാർ, കോടോം ബേളൂർ, പുല്ലൂർ പെരിയ, എന്നീ ഗ്രാമപ്രദേശങ്ങളിലെ ജലസേചന, കുടിവെള്ള പ്രശ്നങ്ങൾക്ക് വലിയൊരു അളവുവരെ പരിഹാരമാകുന്നതോടൊപ്പം ഭൂഗർഭ ജല റീചാർജ്ജിനും ഏറെ ഗുണകരമാകും. കൂടാതെ മിനി-മൈക്രോ ഹൈഡ്രോ ഇലക്ട്രിക് പവർ സ്റ്റേഷൻ നിർമ്മിക്കാനും സാധിക്കും. ആയതിനാൽ ജില്ലയുടെ സമഗ്ര ജലസംരക്ഷണത്തിനും വരൾച്ച ലഘൂകരണത്തിനും സഹായകമാക്കാൻ

സാധ്യതയുള്ള മൂന്നാം കടവ് മിനി ഡാം നിർമ്മിക്കുന്നത് പൊതുവായ വികസനത്തിന് കാരണമാകും. ഇതിനായി കാസർഗോഡ് വികസന പാക്കേജും ജലസേചന വകുപ്പും സംയുക്തമായി മിനി ഡാമിനുള്ള ഇൻവെസ്റ്റിഗേഷൻ നടത്താൻ തീരുമാനിച്ചിട്ടുണ്ട്. ആ റിപ്പോർട്ടിന്റെ പശ്ചാത്തലത്തിൽ എം.എൽ.എ ഇവിടെ സൂചിപ്പിച്ച വിഷയങ്ങൾ പരിഹരിക്കാൻ സാധിക്കുമെന്നാണ് ഗവൺമെന്റുദ്ദേശിക്കുന്നത്.